കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മൂത്തേടം ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2018-19

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.5/440/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി:09-03-2020

ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ് )

പ്രസിഡന്റ്(സെക്രട്ടറി മുഖേന)

മൂത്തേടം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മൂത്തേടം ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*******************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൂത്തേടം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേക്കും, ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി (http://aims.ksad.kerala.gov.in/esubmission) അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ് )

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം.

4)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.എം.പി.എം.5/440/2020 തിയ്യതി:09-03-2020

## മലപ്പുറം ജില്ലയിലെ മൂത്തേടം ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

മലപ്പുറം ജില്ലയിലെ മൂത്തേടം ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 10.12.2018 മുതൽ 24-2-2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ 14എണ്ണം നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

-----------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. അജിത്ത്.ആർ , ഡെപ്യൂട്ടി ഡയറക്ടർ (H.G)

-----------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 25.2.2020 മുതൽ 4.03.2020 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ.സക്കീർഹുസൈൻ | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ. അമീൻ ഫൈസൽ .ടി.ടി | ഓഡിറ്റർ |
| ശ്രീമതി.ഷജീർ.കെ | ഓഡിറ്റർ |
| ശ്രീമതി.സുജാത.എം | ഓഡിറ്റർ |

<u>നിർവഹണാധികാരികൾ</u>

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി.സി.ടി.രാധാമണി | 01.04.2018 മുതൽ 31.03.2019 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ.ഗിഫ്റ്റി.ജെ (അധിക ചുമതല) | 01.04.2018 മുതൽ 11.05.2018 വരെ |
| ശ്രീ.ആൽഫ്രഡ് സോജൻ | 12.05.2018 മുതൽ 2.07.2018 വരെ |
| ശ്രീ.ഗിഫ്റ്റി.ജെ (അധിക ചുമതല) | 3.07.2018 മുതൽ 12.07.2018 വരെ |
| സത്യകുമാരൻ കെ.കെ. | 13.07.2018 മുതൽ 2.08.2018 വരെ |
| | |

| | |
|---|---|
| ശ്രീ.ഗിഫ്റ്റി.ജെ (അധിക ചുമതല) | 3.08.2018 മുതൽ 20.08.2018 വരെ |
| സത്യകുമാരൻ കെ.കെ. | 21.08.2018 മുതൽ 16.03.2019 വരെ |
| ബാബുരാജ്.എസ് | 17.03.2018 മുതൽ 31.03.2019 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.സുനിൽ.എസ് | 01.04.2018 മുതൽ 03.09.2018 വരെ |
| | ശ്രീ.റാസിഫ്.എം.എസ് | 4.09.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ജംഷീന. | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.അബ്ദുൾ റസാഖ് | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.സജി തോമസ് തോപ്പിൽ | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.ഹരീന്ദ്രനാഥൻ പിള്ള | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. അന്ന | 01.04.2017 മുതൽ 29.10.2017 വരെ |
| | കുമാരി.രേഷ്മ | 30.10.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. മൈമൂന | 01.04.2018 മുതൽ 21.07.2018 വരെ |
| | ശ്രീമതി. ശാന്തകുമാരി | 22.07.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ | ശ്രീ.മനോജ്.കെ | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ഗിഫ്റ്റി.ജെ | 01.04.2018 മുതൽ 21.11.2018 വരെ |
| | ശ്രീ.സാബുരാജ് | 22.11.2018 മുതൽ 31.03.2019 വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം I<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ<br>പൊതു അവലോകനം | |

| | | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം. | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം. | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-11 |
| 12 | വസ്തു നികുതി- ചട്ട പ്രകാരം ഈടാക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്. | 1-12 |
| 13 | ഇ ടെണ്ടർ ഫീ ലഭ്യമാക്കേണ്ടതാണ് | 1-13 |
| 14 | അഗതി രഹിത കേരളം പദ്ധതി- അവലോകനം. | 1-14 |
| 15 | പ്ലാസ്റ്ററിങ്ങ് പൊളിച്ച് നീക്കുന്നതിന് അധിക നിരക്ക് നൽകി. | 1-15 |
| 16 | മാർഗരേഖ പാലിക്കാതെ ആനുകൂല്യം നൽകി | 1-16 |
| 17 | വൈദ്യുതി കണക്ഷൻ ഇല്ലാത്ത കുടിവെള്ള പദ്ധതിക്ക് മോട്ടോർ വാങ്ങി | 1-17 |
| 18 | കുടിവെള്ള പദ്ധതി പൂർത്തിയായില്ല | 1-18 |
| 19 | അസിസ്റ്റ് എഞ്ചിനീയറുടെ പ്രോജക്ട്- ഒരു അവലോകനം | 1-19 |
| 20 | സ്പിൽ ഓവർ പ്രോജക്ടുകൾ പൂർത്തിയാക്കാനാവുന്നില്ല. | 1-20 |
| 21 | കുടുംബശ്രീ ഹെൽപ്പ് ഡസ്ക് പ്രയോജനപ്പെടുത്തുന്നില്ല. | 1-21 |
| 22 | മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല | 1-22 |
| 23 | ഭിന്നശേഷിയുള്ള കുട്ടികളുടെ സ്കോളർഷിപ്പ്- അർഹമായ നിരക്കിൽ നൽകിയില്ല. | 1-23 |
| 24 | ജെന്റർ കമ്മ്യൂണിറ്റി ഫെസിലിറ്റേറ്റർ- ഓണറേറിയം അധികമായി നൽകി. | 1-24 |
| 25 | ജി.എസ്.ടി- TDS ഈടാക്കിയില്ല. | 1-25 |
| 26 | ഭൂജല വകുപ്പിലെ ഡെപ്പോസിറ്റ്- തുടർ നടപടി സ്വീകരിക്കേണ്ടതാണ്. | 1-26 |
| 27 | റവന്യൂ ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. | 1-27 |
| 28 | തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനും, വരുമാനത്തിലെ ചോർച്ച തടയുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. | 1-28 |
| 29 | കെട്ടിട നികുതി നിർണ്ണയത്തിലെ അപാകത | 1-29 |
| | | |

| | | |
|---|---|---|
| 30 | മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കാൻ നടപടിയായില്ല | 1-30 |
| ഭാഗം II<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ<br>ഇല്ല | | |
| ഭാഗം III<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 31 | പ്ലാസ്റ്ററിങ്ങ് പൊളിച്ച് നീക്കാൻ അധിക നിരക്ക് നൽകി | 3-1 |
| ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | | |
| 32 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 33 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-2 |
| 34 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 36 | വായ്പ-വായ്പ തിരിച്ചടവ് | 4-5 |
| 37 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 38 | ഓഡിറ്റ് റിക്കവറി | 4-7 |
| 39 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 40 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-9 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 43 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്.

2018-19 ലെ ബജറ്റ് 26.03.2018 ലെ 1/(1)-ാം നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 22.03.2019 ലെ 1/(1)-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2019 | 11.04.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം.

ധനകാര്യപത്രിക (AFS പ്രകാരമുള്ള വിവരങ്ങൾ)

| ഇനം | വർഷം 2018-19 |
|---|---|
| മുന്നിരിപ്പ് | 9768978 |
| വരവ് | 112311684 |
| ആകെ | 122080662 |
| ചെലവ് | 108923079 |
| നീക്കിയിരിപ്പ് | 13157583 |

## 1-4 ഫണ്ട് വിനിയോഗം

(അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിബാക്കി(RP 40 b പ്രകാരം) |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 22317000 | 22317000 | 19954524 | 2362476 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 5411000 | 5411000 | 5411000 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 1573000 | 1573000 | 1573000 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 12333000 | 12333000 | 12333000 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 4462000 | 4462000 | 4006106 | 455894 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 10357000 | 10357000 | 10357000 | 0 |
| കെ.എൽ.എസ്.ജി.ഡി.പി. | 0 | 0 | 0 | 0 | 0 |
| സാക്ഷരത | 1306 | 0 | 1306 | 0 | 1306 |
| ദുരിദാശ്വാസ നിധി | 324 | 15 | 339 | 0 | 339 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (MGNREGA) | 1300 | 224218 | 225518 | 220000 | 5518 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (Total Sanitation-TSC) | 1272000 | 0 | 1272000 | 1200000 | 72000 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ICDS) | 2334434 | 1022437 | 3356871 | 1072441 | 2284430 |
| SBI OWN FUND | 7495502 | 30898552 | 38394054 | 38363629 | 30425 |
| SBI E-PAYMENT | 104826 | 88843 | 193669 | 8873 | 184796 |
| GENERAL | 223536 | 9392932 | 9616468 | 4568816 | 5047652 |

| | | | | | |
|---|---|---|---|---|---|
| PURPOSE(TREASURY TSB | | | | | |
| SBI SNP CENTRAL SHARE | 1935494 | 532937 | 2468431 | 235112 | 2233319 |
| ബി ഫണ്ട് | | 40156240 | 40156240 | 40156240 | |

# 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

2018-19

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 198 | 143579253 | 151 | 96583750 | 0 | 47 | 76.26 |

# 1-6 തൊഴിലുറപ്പ് പദ്ധതി

2018-19

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1300 | 224218 | 225518 | 220000 | 5518 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 15190000 | 15190000 | 15190000 | 0 |

# 1-7 ക്ഷേമപദ്ധതികൾ.

2018-19

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 245040 | 126 |
| കർഷകതൊഴിലാളി വേതനം | 7794700 | 623 |
| വിധവാപെൻഷൻ | 13353500 | 1098 |
| വാർദ്ധക്യകാലപെൻഷൻ | 13416600 | 1181 |
| വികലാംഗപെൻഷൻ | 4781700 | 395 |
| വിവാഹ ധനസഹായം | 390000 | 13 |
| 50 വയസ്സിനു മുകളിൽ.....സഹായം | 160600 | 18 |

# 1-8 ക്യാഷ് വെരിഫിക്കേഷൻ.

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന

26.02.2019 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 20796/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണം.

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണത്തിലെ പോരായ്മകൾ താഴെ കൊടുക്കുന്നു.

1).തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനും ചുമത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിലെ എല്ലാ കച്ചവടക്കാരിൽ നിന്നും ലൈസൻസ് ഫീ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

2). ഇ-ടെണ്ടർ നടപടികളിലൂടെ നിലവിൽ എൽ എസ് ജി ഡി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത ടെണ്ടർ ഫോറം വില ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കാൻ നടപടിയുണ്ടായിട്ടില്ല.

3). അസ്സറ്റ് രജിസ്റ്റർ കാലികമല്ല. അസ്സറ്റ് രജിസ്റ്ററിൽ മൂല്യം ചേർക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ ചേർത്ത അസറ്റുകളുടെ മൂല്യത്തിന്റെ കൃത്യത ഉറപ്പ് വരുത്താൻ കഴിയില്ല.

4). വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി പഞ്ചായത്ത് തല ആസൂത്രണ സമിതി , വർക്കിംഗ് ഗ്രൂപ്പുകൾ ഉൾപ്പെടെയുള്ളവ കാര്യക്ഷമമാക്കാൻ മേൽ നോട്ട ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മറ്റികളുടെ പ്രവർത്തനം കാര്യക്ഷമമല്ല. വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടുകളുടെ കൃത്യത പരിശോധിക്കേണ്ടതും നിർദ്ദേശിക്കപ്പെടുന്ന പ്രോജക്ട് ആശയങ്ങൾ നടപ്പിലാക്കുന്നുവെന്ന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ ഉറപ്പുവരുത്തേണ്ടതുമാണ്.

5)പ്രോജക്ടുകളുടെ പൊതുവായ വിലയിരുത്തൽ / പദ്ധതി അവലോകനം നടത്തുന്നതായി മിനുട്സിൽ രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ പ്രത്യകമായി ഒരു പ്രോജക്ടിനെ കുറിച്ചും വിലയിരുത്തൽ നടത്തി തീരുമാനം രേഖപ്പെടുത്തുന്നതിൽ സ്ഥിരം സമിതി ശ്രദ്ധചെലുത്തിയിട്ടില്ല എന്ന് കാണുന്നു.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.01.2020 | 01.12.2019-31.12.2019 | 28/01/2020 |
| എ.ജി ഓഡിറ്റ് | 03.01.2011to 14.01.11 | 2004-05 to 2009-10 | 14.02.2011 |

# 1-11 വാർഷിക കണക്കിലെ അപാകതകൾ

2018-19 വർഷത്തെ വാർഷിക കണക്കുകളിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1).ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ, വാർഷിക കണക്ക് (B-11 Schedule) ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2). വസ്തുനികുതി റസിഡൻഷ്യൽ ബിൽഡിംഗ് തൻവർഷ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ വാർഷിക കണക്കിൽ പൊരുത്തപ്പെടുന്നില്ല.

| ഡിമാന്റ് | കളക്ഷൻ | യഥാർത്ഥ ബാലൻസ് | വാർഷിക കണക്ക് പ്രകാരമുള്ള ബാലൻസ്. |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 1732972 | 1722912<br>(1714291+8621) | 10060 | ഇല്ല. |

3). പരിശോധനക്ക് ഹാജരാക്കിയ സഞ്ചയ സ്റ്റേറ്റ്മെന്റിൽ Property Tax Non Residential Buildings (Current) ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ പൊരുത്തപ്പെടുന്നില്ല.

# 1-12 വസ്തു നികുതി- ചട്ട പ്രകാരം ഈടാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നില്ല.

2018-19 വർഷത്തിൽ ഭവനം വാസയോഗ്യമാക്കൽ (ജനറൽ), ഭവനം വാസയോഗ്യമാക്കൽ (എസ്.സി) എന്നീ പദ്ധതികൾ വി.ഇ.ഒ നിർവഹണം നടത്തിയിട്ടുണ്ട്. പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 8 വർഷമെങ്കിലും കഴിഞ്ഞ വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കുന്നതിനാണ് ധനസഹായം നൽകിയിട്ടുള്ളത്. വീട് വാസയോഗ്യമാക്കുന്നതിനുള്ള എസ്റ്റിമേറ്റ് ഉടമസ്ഥൻ തയ്യാറാക്കി സമർപ്പിക്കുകയും പണി പൂർത്തീകരിച്ച ശേഷം എൽ.എസ്.ജി.ഡി എഞ്ചിനീയർ പരിശോധിച്ച് മൂല്യ നിർണ്ണയം നടത്തിയതിനനുസരിച്ചാണ് സബ്സിഡി നൽകിയിട്ടുള്ളത്. ഗുണഭോക്താക്കൾ അപേക്ഷയോടൊപ്പം സമർപ്പിച്ച അനുബന്ധ രേഖകൾ പരിശോധിച്ചതിൽ കെട്ടിടത്തിന്റെ യഥാർത്ഥ വിസ്തീർണ്ണവും ഗ്രാമ പഞ്ചായത്തിലെ അസസ്മെന്റ് രജിസ്റ്റർ പ്രകാരമുള്ള വീടിന്റെ വിസ്തീർണ്ണവും തമ്മിൽ വ്യത്യാസമുണ്ടെന്ന് വ്യക്തമാകുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| അപേക്ഷകന്റെ പേര്/ കെട്ടിട നമ്പർ | അപേക്ഷയോടൊപ്പം സമർപ്പിച്ച പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം (ച.മീ) | പഞ്ചായത്ത് അസസ്മെന്റ് രജിസ്റ്റർ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം |
|---|---|---|
| വേലായുധൻ, വെള്ളാമ്പ്രം, ചീനിക്കുന്ന്, കാരപ്പുറം<br>4/295 | 51.99 | 27 |
| ചക്കി,താളിയിൽ, കാരപ്പുറം<br>3/235 | 35.90 | 29 |
| കുഞ്ഞൻ, തെക്കുംപാടം വീട്, കാരപ്പുറം<br>7/85 | 60.57 | 29 |
| കുറുമ്പ, w/oരാമൻ, കാപ്പുപറമ്പിൽ, താളിപ്പാടം<br>1/372 | 48.15 | 28 |
| മുണ്ടി, w/o കോരൻ, ചെമ്രക്കാടൻ, കൽക്കുളം<br>3/196 | 62.37 | 22 |
| ശാന്ത പൂക്കോടൻ, പാലാങ്കര<br>8/211 | 62.37 | 29 |
| ജാനകി, ഏറാംതൊടിക, മൂത്തേടം<br>12/71 | 63.30 | 47 |

| | | |
|---|---|---|
| നാരായണി, കണ്ടയിൽ വീട്, പുതുവായ്<br><br>6/371 | 45.78 | 30 |
| ലക്ഷ്മി, തുവ്വക്കാടൻ<br><br>13/109 | ,<br><br>46.72 | 26 |
| കല്ല്യാണി, കോട്ടോത്ത്, ചക്കരക്കാടൻകുന്ന്,<br><br>2/406 | 38.35 | 28 |
| ലക്ഷ്മി, എമ്പലശ്ശേരി, മൂത്തേടം<br><br>14/123 | 44.08 | 29 |
| സുമതി, കണ്ടയിൽ വീട്, പനമ്പറ്റ, മൂത്തേടം<br><br>7/144 | 59.13 | 28 |
| നാണിപ്പ, പൈങ്ങോടൻ, നമ്പൂരിപ്പൊട്ടി<br><br>2/373 | 53.82 | 32 |
| കുഞ്ഞൻ, ചാമപറമ്പ് SC കോളനി, മൂത്തേടം<br><br>14/119 | 62.32 | 29 |
| പി.പി.ജോർജ്ജ്, പനവിള, പുത്തൻവീട്<br><br>8/100 | 67.96 | 45 |
| മോൻസി , ചെറുവേലിൽ വീട്<br><br>14/187 | 58.70 | 26 |
| വേലായുധൻ, പനത്തുംകടവത്ത്, പാലാങ്കര<br><br>10/413 | 60.63 | 40 |
| സാറാമ്മ, തുണ്ടിയിൽ, ചെമ്മന്തിട്ട<br><br>15/119 | 61.26 | 30 |
| ഉമ്മർ, വാളശ്ശേരി വീട്, മൂത്തേടം<br><br>12/250 | 68.62 | 40 |
| സൽമ, മരത്തിൻകടവ് 1/170 | 47.35 | 28 |
| അബ്ദു, കുരിയാടന്<br><br>10/361 | 71.06 | 40 |
| ഉമ്മർ, ഉൽപ്പിലാപ്പ്ര, പാലാങ്കര | 91.16 | 40 |

| | | |
|---|---|---|
| 10/374 | | |
| സുകുമാരൻ.പി, മൂച്ചിപ്പരത, മൂത്തേടം<br>13/96 | 85.20 | 30 |
| കെ.പി.രവീന്ദ്രൻ പിള്ള, കാരപ്പുറം<br>5/236 | 81.38 | 35 |
| രാധ, പുത്തൻപൊയിൽ വീട്, കാരപ്പുറം<br>5/184 | 52.92 | 30 |
| മറിയാമ്മ ചെറിയാൻ, തോട്ടക്കാട്, കാരപ്പുറം<br>8/216 | 63.78 | 45 |
| ഉമ്മർ കോയ, പുതിയത്ത്, ചെമ്മന്തിട്ട, മൂത്തേടം<br>1/216 | 52.30 | 30 |
| സി.കെ.രവി,<br>ചക്കാശ്ശേരി വീട്, മൂത്തേടം<br>14/267 | 88.06 | 40 |
| പി.കെ.എബ്രഹാം, പാറപ്പാട്ട് വീട്, പാലാങ്കര<br>9/149 | 68.04 | 40 |
| പുഷ്പ, മാങ്കുന്നൻ ചോല, കാരപ്പുറം<br>4/467 | 49.15 | 20 |
| ഗോപാലൻ, അരീക്കര, ചോല, കാരപ്പുറം<br>15/476 | 89.88 | 32 |
| കല്ല്യാണി, കാളിപ്പറമ്പൻ വീട്, പനമ്പറ്റ,കാരപ്പുറം<br>7/80 | 60.83 | 32 |

ഭവനം വാസയോഗ്യമാക്കൽ (ജനറൽ), ഭവനം വാസയോഗ്യമാക്കൽ (എസ്.സി) എന്നീ പദ്ധതികളുടെ 47 അപേക്ഷകൾ പരിശോധിച്ചതിൽ ഭൂരിഭാഗം കെട്ടിടങ്ങളുടെയും യഥാർത്ഥ വിസ്തീർണ്ണവും, പഞ്ചായത്ത് വസ്തു നികുതിക്ക് അസസ്മെന്റ് നടത്തിയിട്ടുള്ള വിസ്തീർണ്ണവും തമ്മിൽ വ്യത്യാസമുണ്ടെന്ന ഇതിൽ നിന്നും വ്യക്തമാണ്. കൂടാതെ പല കെട്ടിടങ്ങളും 60 ച.മീറ്ററിൽ കുറവുള്ള വിഭാഗത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി അടവാക്കുന്നതിൽ നിന്നും ഇളവ് നൽകിയിട്ടുള്ളവയുമാണ്. 60 ച.മി കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് വർഷങ്ങളായി (ഏറ്റവും കുറഞ്ഞത് 8 വർഷമായി) നികുതി ഇളവ് അനുവദിച്ചു വരുന്നു. പഞ്ചായത്തിന്റെ അനുമതി കൂടാതെ തന്നെ കെട്ടിടങ്ങളിൽ അധിക നിർമ്മാണം/ കൂട്ടിച്ചേർക്കലുകൾ നടത്തുന്നതായും വ്യക്തമാകുന്നു.

മേൽ കെട്ടിടങ്ങൾ പരിശോധന നടത്തി അസസ്മെന്റ് ചെയ്തതിനേക്കാൾ വിസ്തീർണമുണ്ടെങ്കിൽ നിയമാനുസൃതം നികുതി ചുമത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ ഇത്തരത്തിൽ വാണിജ്യ / വ്യാവസായിക കെട്ടിടങ്ങളുടെ കാര്യത്തിലും നികുതി നഷ്ടം വരാവുന്നുള്ള സാധ്യതകൾ നിലനിൽക്കുന്നതിനാൽ ഫീൽഡ് പരിശോധന കാര്യക്ഷമമാക്കി മറ്റു കെട്ടിടങ്ങളുടെ കാര്യത്തിലും നടപടിസ്വീകരിക്കേണ്ടതാണ്. [ഓഡിറ്റ് എൻക്വയറി നം.12/28.03.2020- തുടർ നടപടി സ്വീകരിക്കുമെന്ന് അറിയിച്ചു.]

## 1-13 ഇ ടെണ്ടർ ഫീ ലഭ്യമാക്കേണ്ടതാണ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പൊതുമരാമത്ത് പ്രവൃത്തികളിൽ ഇ-ടെൻഡർ സമർപ്പിക്കുമ്പോൾ കരാറുകാരിൽ നിന്നും ഓൺലൈനായി ടെൻഡർ ഫീ സ്വീകരിക്കുന്നതിനായി ജില്ലാ പഞ്ചായത്ത്, നഗരസഭ, കോർപ്പറേഷനുകളിലെ എഞ്ചിനീയറിംഗ് തലവൻമാർക്ക് ബാങ്കിൽ സീറോ ബാലൻസ് എകൗണ്ട് തുടങ്ങുന്നതിന് 28.09.2013 ലെ ജി.ഒ.(എം എസ്) 318/2013/LSGD പ്രകാരം അനുമതി നൽകിയിട്ടുള്ളതാണ്. ചീഫ് എഞ്ചിനീയറുടെ 10.10.2013 ലെ DB1-7942/2013/CE/LSGD നമ്പർ സർക്കുലറിൽ പ്രകാരം ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളുടെ ബാങ്ക് എക്കൗണ്ടുകളുമായി ബന്ധിപ്പിക്കുന്നതിന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ തുടങ്ങിയ ബാങ്ക് എക്കൗണ്ടിന്റെ വിശദാംശം ഇ-ടെൻഡർ നടപടികളുടെ നോഡൽ ഏജൻസിയായി അംഗീകരിച്ച കേരള സംസ്ഥാന ഐ.ടി മിഷന് കൈമാറാനും നിർദ്ദേശമുള്ളതാണ്.

പഞ്ചായത്തിലെ രേഖകൾ പ്രകാരം 2017-18, 2018-19 വർഷങ്ങളിൽ ഇ ടെണ്ടർ ചെയ്തതിന്റെ ടെൻഡർ ഫീസായി ഗ്രാമപഞ്ചായത്തിന് 421925/- രൂപ ലഭിക്കാനുണ്ട്. ഇ-ടെൻഡർ ചെയ്ത പൊതുമരാമത്ത് പ്രവൃത്തികളുടെ ടെൻഡർ ഫീ ഇനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാങ്ക് എക്കൗണ്ടിലേക്ക് വന്ന തുക ഗ്രാമപഞ്ചായത്തിന് ലഭിക്കാൻ 27.11.2019-ൽ സെക്രട്ടറി കത്ത് നൽകിയിട്ടുണ്ട്, എന്നാൽ തുക നാളിതുവരെ ലഭിച്ചിട്ടില്ല. തുക ലഭ്യമാക്കുന്നതിന് തുടർ നടപടി സ്വീകരിക്കുന്നതിനും വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

## 1-14 അഗതി രഹിത കേരളം പദ്ധതി- അവലോകനം.

നിരാലംബരും നിരാശ്രയരുമായ അഗതികളെ സംരക്ഷിക്കാൻ നിലവിലെ ആശ്രയ പദ്ധതികളിൽ ഉൾപ്പെട്ടിട്ടുള്ളവരിൽ തുടർന്നും സേവനത്തിനു അർഹരായവരേയും, പുതിയ ഗുണഭോക്താക്കളെയും കണ്ടെത്തി ഒരു ഏകീകൃത പദ്ധതിയെന്ന നിലയിൽ അഗതി രഹിത കേരളം പദ്ധതി ആരംഭിച്ചിട്ടുള്ളത്. പദ്ധതിയിൽ ക്ലേശഘടകങ്ങളെ അടിസ്ഥാനമാക്കി അർഹരായ ഗുണഭോക്താക്കളെ കണ്ടെത്താനും ഓരോ കുടുംബത്തിനും പരിചരണ സേവനങ്ങളുടെ പാക്കേജ് തയ്യാറാക്കി നടപ്പിലാക്കാനും നിർദ്ദേശമുള്ളതാണ് [മാർഗ്ഗരേഖ സ.ഉ (എം എസ്) നം 252/2017/തസ്വഭവ തീയതി 12.12.2017]. ആകെ അടങ്കൽ തുകയുടെ 10% ജില്ലാ പഞ്ചായത്ത് 15% ബ്ലോക്ക് പഞ്ചായത്ത് ക്രമത്തിൽ സമാഹരിക്കാനും 35% ഗ്രാമ പഞ്ചായത്തും 40% ചാലഞ്ച് ഫണ്ടും വകയിരുത്തിയുമാണ് പദ്ധതി രൂപീകരിക്കാൻ നിർദ്ദേശിച്ചത്.

പഞ്ചായത്ത് ഭരണ സമിതിയുടെ 13.02.2019 ലെ 1(1) നമ്പർ തീരുമാന പ്രകാരം ജനറൽ വിഭാഗത്തിലെ (sc ഉൾപ്പടെ) 133 ഗുണഭോക്തൾ ഉൾപ്പെടുന്ന ഒരു പദ്ധതിയും, 23 പട്ടിക വർഗ ഗുണഭോക്തൾ ഉൾപ്പെടുന്ന ഒരു പദ്ധതിയുമാണ് നടപ്പിലാക്കിയിട്ടുള്ളത്. പ്രസ്തുത പ്രൊജക്ടുകൾക്ക് 09.03.2019- ൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. വീട് റിപ്പയർ, വിദ്യാഭ്യാസം, ചികിത്സ, ഭക്ഷണം, കുടിവെള്ളം എന്നീ സേവനങ്ങൾ നൽകാനായി ജനറൽ വിഭാഗത്തിൽ 10198800 രൂപയുടെയും, പട്ടിക വർഗ വിഭാഗത്തിൽ 4377900 രൂപയുടെയും പദ്ധതികളാണ് രൂപീകരിച്ചിട്ടുള്ളത്. മൂന്ന് വർഷമാണ് പദ്ധതി കാലയളവ്. പദ്ധതി രൂപീകരണം, നടത്തിപ്പിലെ പുരോഗതി എന്നിവ സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. ഒന്നാം വർഷത്തിൽ വിവിധ സേവനങ്ങൾ നൽകുന്നതിനായി ജനറൽ, എസ്.ടി പ്രൊജക്ടുകളിലായി യഥാക്രമം 3119700, 1259200 രൂപയും വകയിരിത്തിയിട്ടുണ്ട്. ആയതിൽ ഇതുവരെ ഭക്ഷണ വിതരണത്തിൽ യഥാക്രമം 733700 രൂപയും 113700 രൂപയും മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

2. ഭക്ഷണ വിതരണമൊറികെയുള്ള വീട് റിപ്പയർ, വിദ്യാഭ്യാസം, ചികിത്സ, ഭക്ഷണം, കുടിവെള്ളം എന്നീ സേവനങ്ങൾ ഒന്നും നൽകിയിട്ടില്ല.

3. ഓരോ ഗുണഭോക്താവിനും ആവശ്യമുള്ള സേവനങ്ങൾ മുൻകൂട്ടി കണ്ടെത്തിയാണ് പ്രൊജക്ട് തയ്യാറാക്കിയിട്ടുള്ളത്. അത് കൊണ്ടുതന്നെ പ്രസ്തുത സേവനങ്ങൾ നൽകുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

4. പദ്ധതിയുടെ ഭാഗമായ കുടുമ്പങ്ങളുടെ അതിജീവനം കൂടി ലക്ഷ്യമാക്കി തൊഴിൽ പരിശീലനം കൂടി പദ്ധതിയുടെ ഭാഗമാക്കേണ്ടതായിരുന്നു. മൂന്ന വർഷത്തേക്കുള്ള പദ്ധതി വകയിരുത്തലിലും തൊഴിൽ പരിശീലനത്തിന് തുക വകയിരുത്തിയിട്ടില്ല. ആയത് പദ്ധതി രൂപീകരണത്തിലെ പോരായ്മയായി ഓഡിറ്റ് വിലയിരുത്തുന്നു.

5. പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് സ്റ്റാന്റിംഗ് കമ്മറ്റി, ഭരണ സമിതി എന്നവരുടെ പ്രത്യേക ശ്രദ്ധ ഉണ്ടാവേണ്ടതാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

# 1-15 പ്ലാസ്റ്ററിങ്ങ് പൊളിച്ച് നീക്കുന്നതിന് അധിക നിരക്ക് നൽകി.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തുന്ന 60/19 പ്രോജക്ട് പാലേങ്ങര ലിഫ്റ്റ് ഇറിഗേഷൻ റിപ്പയർ പ്രവൃത്തി ചെയ്യുന്നതിനാണ്. പ്ലാൻ വിഹിതം രണ്ട് ലക്ഷം രൂപയാണ് വകയിരുത്തിയത്. അത്രയും തുക ചെലവും വന്നിട്ടുണ്ട്. ബിൽ 46/17.08.2018 പ്രകാരം കരാറുകാരന് തുക നൽകുകയും ചെയ്തിട്ടുണ്ട്.

നിലവിൽ ഡി.എസ്.ആർ-ൽ കോഡ് ഉണ്ടായിരിക്കെ ഒബ്സർവ്ഡ് ഡാറ്റയുടെ അടിസ്ഥാനത്തിൽ കരാറുകരന് തുക നൽകിയതിനാൽ അധിക ചെലവുണ്ടായിട്ടുണ്ട്. വിശദ വിവരം ഭാഗം-3ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-16 മാർഗരേഖ പാലിക്കാതെ ആനുകൂല്യം നൽകി

കൃഷി ഓഫീസർ നിർവഹണം നടത്തുന്ന 52/19 പ്രോജക്ട് ജലസേചന ആവശ്യത്തിന് പമ്പ് സെറ്റ് നൽകുന്നതിനാണ്. 140000 രൂപ പ്ലാൻ വിഹിതവും അത്രയും തുക ഗുണഭോക്തൃ വിഹിതവുമാണ് വകയിരുത്തിയത്. പ്രോജക്ടിന് ബിൽ 01/16.10.2018 പ്രകാരം 140000 ചെലവുണ്ട്. കർഷകർ ഹാജരാക്കിയ ബിൽ പരിശോധിച്ച് , ബിൽ തുകയുടെ പകുതി പരമാവധി 10000 രൂപയിൽ പരിമിതപ്പെടുത്തിയാണ് തുക നൽകിയിട്ടുള്ളത്.

ഗുണഭോക്താവായ ചെറിയ മുഹമ്മദ് ഹാജരാക്കിയ ഇൻവോയ്സ് 20213 രൂപയുടേതാണ്. മോട്ടോർ, അനുബന്ധ അക്സസറീസ്, പൈപ്പ് എന്നിവക്ക് പുറമെ 1000 ലിറ്റർ വാട്ടർ ടാങ്കും ഉൾപ്പെട്ടതാണ്. നവീൻ ഇലക്ട്രിക്കൽ ഏജൻസീസ് എടക്കര എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് പ്രകാരം 7300 രൂപയാണ് ടാങ്കിന്റെ വിലയായി രേഖപ്പെടുത്തിയിട്ടുള്ളത്. സർക്കാർ ഉത്തരവ് GO(MS)22/2018/lsgd/14.02.2018 പ്രകാരമുള്ള സബ്സിഡി മാർഗരേഖ പ്രകാരം മോട്ടാർ, അക്സസറീസ് എന്നിവ മാത്രമാണ് ഉൾപെടുത്തിയിട്ടുള്ളത്. മാർഗരേഖ പ്രകാരം വാട്ടർ ടാങ്കിന് ആനുകൂല്യം നൽകിയത് അനുവദനീയമല്ല. ഈ അപാകത ശ്രദ്ധയിൽ പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നെൽകൃഷി സംരക്ഷിക്കുന്നതിന് വേണ്ടിയാണ് ഇപ്രകാരം ചെലവ് അനുവദിക്കേണ്ടി വന്നത് എന്ന് കൃഷി ഓഫീസർ മറുപടി നൽകി. മറുപടി അംഗീകരിക്കുന്നു.
ചെലവുകൾ മാർഗരേഖക്ക് അനുസൃതമായിക്കാൻ നിർവഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

# 1-17 വൈദ്യൂതി കണക്ഷൻ ഇല്ലാത്ത കുടിവെള്ള പദ്ധതിക്ക് മോട്ടോർ വാങ്ങി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തുന്ന 62/19 സ്പിൽ ഓവർ പ്രോജക്ട് ചോലമുണ്ട കുടിവെള്ള പദ്ധതിയാണ്. 675153 രൂപ പ്ലാൻ വിഹിതം വകയിരുത്തിയ പ്രോജക്ടിന് ബിൽ 93/22.03.2019 പ്രകാരം 479277 രൂപ തൻ വർഷം ചെലവുണ്ട്. 2019-20 വർഷം 195876 രൂപയും ചെലവുണ്ട്. 675153 രൂപയാണ്

കരാറുകാരനായ എ.സി. ഷാജി ക്വോട്ട് ചെയ്ത നിരക്ക്. 65/30.11.2018 പ്രകാരം കരാർ വെക്കുകയും ചെയ്തിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ച് താഴെ രേഖപ്പെടുത്തിയ കാര്യങ്ങൾ ശ്രദ്ധയിൽ പെടുത്തുന്നു.

1.കിണർ നിർമാണം, പമ്പിങ്ങ് മെയിൽ, വിതരണ ലൈൻ, മോട്ടോർ എന്നിവയാണ് എസ്റ്റിമേറ്റിൽ ഉൾപെടുത്തിയിട്ടുള്ളത്. എസ്റ്റിമേറ്റ് പ്രകാരമുള്ള വർക്കുകൾ പൂർത്തിയാക്കിയെങ്കിലും പ്രോജക്ട് നാളിത് വരെ ലക്ഷ്യം കണാനായില്ല എന്ന കാണുന്നു.

2.പ്രവൃത്തിക്ക് വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല എന്ന വസ്തുത സൈറ്റ് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. മാത്രമല്ല, സൈറ്റ് പരിസരത്ത് ഇലക്ട്രിക്ക് പോസ്റ്റുകളും ഇല്ല. ത്രീഫേസ് കണക്ഷൻ എടുക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു എന്ന് വ്യക്തമാക്കുകയുണ്ടായി.

3.വൈദ്യുതി കണക്ഷൻ ലഭിക്കാത്ത പദ്ധതിക്ക് മോട്ടോർ വാങ്ങി സ്ഥാപിച്ചതായി വ്യക്തമാവുന്നു. നയാഗ്ര ഏജൻസീസ് മൊറയൂർ എന്ന സ്ഥപനത്തിന്റെ 5249/08.03.2019 ഇൻവോയ്സും ഫയലിൽ വെച്ചിട്ടുണ്ട്. വൈദ്യുതി കണക്ഷൻ ലഭിക്കാതെ മോട്ടോർ വാങ്ങി വെച്ചത് യുക്തിപരമായ സമീപനമല്ല.

4.കുടിവെള്ള പദ്ധതി പോലുള്ള വർക്കുകൾ ഒറ്റ യൂണിറ്റായി കണ്ട്, എല്ലാ വർക്കുകളും തുടർച്ചയായി പൂർത്തിയാക്കാവുന്ന വിധത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണ്.

5.ഒരു വർഷമായി ഈ മോട്ടോർ പ്രവർത്തിപ്പിക്കാതെ കിണറിൽ കിടക്കുന്ന അവസ്ഥ അംഗീകരിക്കാനാവില്ല. മാത്രമല്ല, ഉപയോഗപ്പെടുത്താതെ തന്നെ മോട്ടോറിന്റെ വാറന്റി കാലയളവ് കഴിയാനും ഇടയായി അവസ്ഥയിലാണ് ഇപ്പോഴും ഈ പ്രവൃത്തി. അവശേഷിച്ച വർക്കുകൾക്ക് കാലതാമസം വരുന്നത് പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നത് തടസ്സമാവുന്നു എന്ന വസ്തുത ശ്രദ്ധയിൽ പെടുത്തുന്നു.

6. എ.സി ഷാജി എന്ന കരാറുകാരൻ 675153എന്ന നിരക്കിലാണ് പ്രവൃത്തി ഏറ്റെടുക്കുന്നത്. എന്നാൽ കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കുകയോ ബില്ലിൽ നിന്ന് അർഹമായ ഫൈൻ ഈടാക്കുകയോ ചെയ്തിട്ടില്ല.

7.പ്രവൃത്തിയുടെ പമ്പിംഗ് മെയിൻ, വിതരണ ലൈൻ എന്നിവക്കായി ഉപയോഗിച്ച പി.വി.സി പൈപ്പുകൾ ട്രഞ്ചുകളിൽ പുറത്ത് കാണുന്ന അവസ്ഥയിലാണ് ഉള്ളത്. ശക്തമായ മഴയിൽ മണ്ണ് ഒലിച്ച് പോയതാണ് എന്നാണ് സൈറ്റ് പരിശോധനയിൽ വ്യക്തമാവുന്നത്. ട്രഞ്ചുകൾ യഥാവിധി ഫിൽ ചെയ്തിരുന്നോ എന്ന കാര്യം വ്യക്തമാക്കേണ്ടതാണ്.

# 1-18 കുടിവെള്ള പദ്ധതി പൂർത്തിയായില്ല

അസിസ്റ്റന്റ് എഞ്ചീനീയർ നിർവഹണം നടത്തുന്ന 205/19 സ്പിൽ ഓവർ പ്രോജക്ട് മൂപ്പിനി കുടിവെള്ള പദ്ധതിയാണ്. 1000000 രൂപ പ്ലാൻ വിഹിതം വകയിരുത്തിയ പ്രോജക്ടിന് ബിൽ 80/08.03.2019 പ്രകാരം 343138 രൂപ ചെലവുണ്ട്. 2019-20 വർഷം 157607 രൂപയും ചെലവുണ്ട്.പ്രോജക്ട് ഫയൽ പരിശോധിച്ച് താഴെ രേഖപ്പെടുത്തിയ കാര്യങ്ങൾ ശ്രദ്ധയിൽ പെടുത്തുന്നു.

1.കിണർ നിർമാണം, റിങ്ങ്, ടോപ്പ് ഗ്രീൽ, പമ്പിങ്ങ് മെയിൽ, വിതരണ ലൈൻ, ഓവർ ഹെഡ് ടാങ്ക് ബേസ്, 10000 ലിറ്റർ ടാങ്ക് , ടാങ്കിലേക്ക് കയറാനുള്ള കോണി എന്നിവയാണ് എസ്റ്റിമേറ്റിൽ ഉൾപെടുത്തിയിട്ടുള്ളത്. എന്നാൽ കിണർ നിർമാണം മാത്രമാണ് പൂർത്തിയാക്കാനായത്.

2.കിണർ നിർമിച്ചത് സ്വകാര്യ വ്യക്തിയുടെ സ്ഥലത്താണ് എന്ന് സൈറ്റ് പരിശോധനയിൽ വ്യക്തമാവുന്നു. എന്നാൽ ഈ സ്ഥലം പഞ്ചായത്തിന് കൈമാറി കിട്ടിയതാണോ എന്ന കാര്യം വ്യക്തമല്ല. ഫയലിൽ ആയത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല.

3. പ്രവൃത്തി നടത്തുന്ന സ്ഥലം പഞ്ചായത്തിന്റെ ആസ്തിയാണോ എന്ന കാര്യവും വ്യക്തമല്ല. പ്രോജക്ടിൽ ആയത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ നടത്തുകയോ ആസ്തിയുടെ നമ്പർ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല്.

4.കിണർ നിർമാണം പൂർത്തിയാക്കിയിട്ടുണ്ട് എങ്കിലും കിണറിൽ കുടിവെള്ള പദ്ധതിക്ക് ആവശ്യമായ വെള്ളം ലഭ്യമാണോ എന്ന പരിശോധന നടത്തിയിട്ടില്ല.

5.എസ്റ്റിമേറ്റിൽ മോട്ടോർ സ്ഥാപിക്കുന്നതിനും, വൈദ്യുതി കണക്ഷൻ എടുക്കുന്നതിനും പ്രോവിഷൻ രേഖപ്പെടുത്തിയിട്ടില്ല.കുടിവെള്ള പദ്ധതി പോലുള്ള പ്രവൃത്തികൾ ഒറ്റ യൂണിറ്റായി കണ്ട്, എല്ലാ പ്രവൃത്തികളും തുടർച്ചയായി പൂർത്തിയാക്കാവുന്ന വിധത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണ്.

6.കിണർ നിർമിച്ച്, കിണറിന് റിംഗ് പ്രവൃത്തികൾ പൂർത്തികരിച്ച അവസ്ഥയിലാണ് ഇപ്പോഴും ഈ പ്രവൃത്തി. അവശേഷിച്ച പ്രവൃത്തികൾക്ക് കാലതാമസം വരുന്നത് പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നത് തടസ്സമാവുന്നു എന്ന വസ്തുത ശ്രദ്ധയിൽ പെടുത്തുന്നു.

7. സനീദ് റാഫി എന്ന കരാറുകാരൻ 999511എന്ന തുകക്കാണ് പ്രവൃത്തി ഏറ്റെടുക്കുന്നത്. 01/27.06.2018 നാണ് കാരാർ വെക്കുന്നത്. എന്നാൽ കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കുകയോ ബില്ലിൽ നിന്ന് അർഹമായ ഫൈൻ ഈടാക്കുകയോ ചെയ്തിട്ടില്ല.

# 1-19 അസിസ്റ്റ് എഞ്ചിനീയറുടെ പ്രോജക്ട്- ഒരു അവലോകനം

ഓഡിറ്റ് വർഷം മൂത്തേടം ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ 127 പ്രോജക്ടുകളാണ് ഏറ്റെടുക്കുന്നത്. ഈ പ്രോജക്ടുകളുടെ ആകെ അടങ്കൽ 56330205രൂപയാണ്. ചെലവഴിക്കാനായത് കേവലം 32190319 രൂപയും ഇതു കൂടാതെ 209/19, 203/19, 152/19,112/19പ്രോജക്ടുകളിലായി 4 ബില്ലുകൾ ക്യൂ ബിൽ ആവുകയും ക്യൂ ബിൽ തുക 1093607രൂപ തൊട്ടടുത്ത മാസം മാറി നൽകുകയും ചെയ്തിട്ടുണ്ട്. ഏറ്റെടുത്ത പ്രോജക്ടുകളിൽ 29 എണ്ണം നിർവ്വഹണം നടത്തിയിട്ടില്ല എന്ന് കാണുന്നു. സങ്കീർണമായ നടപടി ക്രമങ്ങൾ പൂർത്തിയാക്കിയാണ് പ്രോജക്ടുകൾ രൂപം കൊള്ളുന്നതും അംഗീകാരം ലഭ്യമാവുന്നതും. അർഹമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി, ആവശ്യമായ തുക വകയിരുത്തി തയ്യാറാക്കുന്ന പ്രോജക്ടുകൾ ഉപേക്ഷിക്കുന്ന പ്രവണത കൂടിവരുന്നതായി കാണുന്നു. ഇത് ഗ്രാമ പഞ്ചായത്തിന്റ പദ്ധതി പ്രവർത്തനങ്ങളുടെ ലക്ഷ്യപ്രാപ്തി നഷ്ടപെടുത്തുന്നതാണ്.പതിനഞ്ച് വാർഡുകൾ മാത്രമുള്ള പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർക്ക് മാത്രം 127 പ്രോജക്ടുകൾ നിർവഹണം നടത്തുക എന്നത് ശ്രമകരമാണ്. 2.41 കോടി രൂപ വകയിരുത്തിയ പ്രോജക്ടുകൾ നിർവഹിക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർക്കായില്ല എന്ന് കാണുന്നു. പ്രോജക്ടുകൾ നിർവഹിക്കാതിരുന്നത് എന്ത് കൊണ്ട് എന്ന് വിശദീകരിക്കേണ്ടതാണ്.വ്യാപകമായ തോതിൽ പ്രോജക്ടുകൾ ഒഴിവാക്കപെടുന്ന സാഹചര്യം ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

ലഭ്യമാവുന്ന ഫണ്ട് അശാസ്ത്രീയമായ രീതിയിൽ വിഭജിച്ച് വാർഡുകളിൽ വിതരണം ചെയ്യുന്നത് പ്രോജക്ടുകളുടെ എണ്ണം കൂടുന്നതിന് ഇടയാക്കുന്നതായി വ്യക്തമാവുന്നു. ഇത് പ്രോജക്ടുകളുടെ നിർവഹണം പ്രയാസകരമാക്കുന്നതായും പല പ്രോജക്ടുകളും നിർവഹിക്കാൻ തടസ്സമാവുന്നതായും വ്യക്തമാവുന്നു.യാത്രക്ക് ഉപയുക്തമല്ലാത്തവിധം കേടുപാടുകൾ സംഭവിച്ചു എന്ന് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ എഴുതിയ റോഡിന്റെ കേവലം 26 മുതൽ 30 മീറ്റർ വരെയുള്ള ഭാഗം മാത്രം കോൺക്രീറ്റ് ചെയ്താൽ ആ റോഡ് യാത്രക്ക് ഉപയുക്തമാവില്ല എന്ന് ഭരണസമിതി തിരിച്ചറിയുന്നില്ല.വികസന സ്ഥിരം സമിതിയിൽ ഇപ്രകാരമുള്ള ഭാഗിക പ്രവൃത്തികളെ കുറിച്ച് യാതൊരു വിശകലനവും നടക്കുന്നതായും കാണുന്നില്ല. ലഭ്യമായ ഫണ്ടിന്റെ ഫലപ്രദമായ ഉപയോഗത്തിന് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്. നിർവ്വഹണം സാധ്യമായ പ്രോജക്ടുകൾ മാത്രം ഏറ്റെടുക്കുന്നതിനും, ഒരു അസിസ്റ്റന്റ് എഞ്ചിനീയറും ഒരു ഓവർസിയറും മാത്രമുള്ള എഞ്ചിനീയറിംഗ് വിംഗിന്റെ മാനുഷിക വിഭവശേഷി പരിഗണിച്ച് കൊണ്ടും പ്രോജക്ടുകൾ രൂപീകരിക്കുന്നതിൽ സ്ഥിരം സമിതി, ഭരണസമിതി എന്നിവ ശ്രദ്ധചെലുത്തേണ്ടിയിരിക്കുന്നു.

ഫലപ്രദമായ രീതിയിൽ മോണിറ്ററിംഗ്, സൂപ്പർവിഷൻ എന്നിവ നടത്താൻ സാധ്യമല്ലാത്ത വിധത്തിൽ പ്രോജക്ടുകളുടെ എണ്ണം കൂടുന്നത് പ്രോജക്ടുകളുടെ ഫലപ്രാപ്തിയെ പ്രതികൂലമായി ബാധിക്കുന്നതായി ശ്രദ്ധയിൽ പെടുത്തുന്നു. പ്രോജക്ടുകളുടെ എണ്ണം കുറക്കേണ്ടതിന്റെ അനിവാര്യത ബോധ്യപ്പെടുത്തിയിട്ടും, ക്രിയാത്മകമായ സമീപനം സ്വീകരിക്കാത്ത ഭരണസമിതിയും യഥേഷ്ടം ചെറിയ അടങ്കലുള്ള പ്രോജക്ടുകൾ തയ്യാറാക്കാൻ

അവസരം ഒരുക്കിയ സെക്രട്ടറിയും 23046279 രൂപയുടെ പൊതുമരാമത്ത് പ്രവൃത്തികൾ മൂത്തേടം ഗ്രാമ പഞ്ചായത്തിലെ പൊതുസമൂഹത്തിന് നഷ്ടപ്പെടാൻ ഇടയാക്കിയതിൽ തുല്യപങ്കാളികളാണ്.

# 1-20 സ്പിൽ ഓവർ പ്രോജക്ടുകൾ പൂർത്തിയാക്കാനാവുന്നില്ല.

തൻവർഷത്തെ വാർഷിക പദ്ധതിയിൽ പൊതുമരാമത്ത് മേഖലയിൽ മാത്രം 36 പ്രവൃത്തികൾ സ്പിൽഓവർ ആയി ഉൾപ്പെടുത്തിയവയാണ്. ഇതിലെ എല്ലാ പ്രവൃത്തികളും തൻവർഷം പൂർത്തീകരിച്ചിട്ടുണ്ട് . സ്പിൽഓവർ പ്രൊജക്ടുകൾ സ്പിൽഓവർ ആയ അതേ വർഷം തന്നെ പൂർത്തീകരിക്കണമെന്ന ജി.ഒ.(എം.എസ്.) 72/ 2017/ ത.സ്വ.ഭ.വ, തിയതി- 29-3-2017 നമ്പർ പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശം ഇവിടെ പാലിക്കപ്പെട്ടിട്ടില്ല.മാത്രമല്ല 33 പൊതുമരാമത്ത് പ്രോജക്ടുകൾ 2019-20 വർഷത്തേക്ക് സ്പിൽ ഓവറായതായും വ്യക്തമാവുന്നു. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാത്തതിനാൽ ലഭ്യമായ ഫണ്ട് ഫലപ്രദമായ രീതിയിൽ വിനിയോഗിക്കാനാവുന്നില്ല എന്ന് കാണുന്നു. സ്പിൽഓവർ പ്രവൃത്തികൾ വർദ്ധിക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.ഏറ്റെടുക്കുന്ന പ്രവൃത്തികൾ അതേ വർഷം തന്നെ പൂർത്തിയാക്കാൻ ആവശ്യമായ പ്രായോഗിക ക്രമീകരണങ്ങൾ നടത്തേണ്ടതാണ്. ഇത്രയധികം സ്പിൽഓവർ പ്രോജക്ടുകൾ ഉണ്ടായത് എങ്ങിനെ എന്ന് ഭരണസമിതി വിശകലനം നടത്തേണ്ടതും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 1-21 കുടുംബശ്രീ ഹെൽപ്പ് ഡസ്ക് പ്രയോജനപ്പെടുത്തുന്നില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തുന്ന 120/19 പ്രോജക്ട് പഞ്ചായത്ത് കോമ്പൌണ്ടിൽ കുടുംബശ്രീ ഹെൽപ്പ് ഡസ്ക് നിർമിക്കുന്നതിനാണ്. . പ്ലാൻ വിഹതം 333829 ലക്ഷം രൂപയാണ് വകയിരുത്തിയത്. 256886 രൂപ തൻവർഷം ചെലവും വന്നിട്ടുണ്ട്. ബിൽ പ്രകാരം കരാറുകാരന് തുക നൽകുകയും ചെയ്തിട്ടുണ്ട്.

അലുമിനീയം പാർട്ടിക്കിൾ ബോർഡ് ഉപയോഗിച്ച് നിർമിക്കുന്നതിനാണ് എസ്റ്റിമേറ്റ് (2018/122528) തയ്യാറാക്കിയിട്ടുള്ളത്. നിലം വിട്രിഫൈഡ് ടൈൽ വിരിക്കുന്നതിനും പരിസരത്ത് പേവിംഗ് ബ്ലോക്ക് വിരിക്കുന്നതിനും, മുകളിൽ ഷീറ്റ് വിരിക്കുന്നതിനും തുക നൽകിയിട്ടുണ്ട്.അളവുകൾ അളവ് പുസ്തകം 14/19-20, 60/18-19 എന്നിവയിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. നിർമ്മാണ പ്രവൃത്തി പൂർത്തിയാക്കിയെങ്കിലും ഈ കെട്ടിട സംവിധാനം നാളിത് വരെ പ്രയോജനപ്പെടുത്തിയിട്ടില്ല.

# 1-22 മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ ( പി.എച്ച്.സി) നിർവ്വഹണം നടത്തിയ പി.ച്ച്.സി യിലേക്ക് മരുന്ന് (15/19), സാന്ത്വന ഗൃഹപരിചരണം (26/19) എന്നീ പദ്ധതികൾക്കായി മരുന്ന് ലഭ്യമാക്കുന്നതിന് KMSCL -ന് തുക മുൻകൂറായി നൽകിയിരുന്നു. ആയത് പ്രകാരം ലഭിച്ച മരുന്നുകളുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പദ്ധതി | ചെലവഴിച്ച തുക | ലഭിച്ച മരുന്നുകളുടെ വിവരം | റിമാർക്സ് |
|---|---|---|---|---|
| 1 | പി.ച്ച്.സി യിലേക്ക് മരുന്ന് (15/19) | 5,00,000/-<br>ബി.നം.09/18-19 തിയതി. 25.02.2019<br>PRF4670/22.02.2019 | ഇ.നം. 3973/04.07.2019-120770/-<br>ഇ.നം.4650/31.07.2019-150717/-<br>ഇ.നം.4657/31.07.2019-91436/- | ലഭിച്ചത്- 362923/-<br>ലഭിക്കാൻ അവശേഷിക്കുന്നത്-1,37,077/- |
| | | | | |

| | | | | |
|---|---|---|---|---|
| 2 | സാന്ത്വന ഗൃഹപരിചരണം (26/19) | 2,62,400/-<br>ബി.നം.08/18-19 തിയതി. 25.02.2019<br>PRF4511/12.02.2019 | ഇ.നം. 7564/06.11.19-58849/-<br>ഇ.നം. 4636/31.07.19-57356/-<br>ഇ.നം.4644/31.07.19-74188/-<br>ഇ.നം.5700/29.08.19-37316/- | ലഭിച്ചത്- 2,27,709/-<br>ലഭിക്കാൻ അവശേഷിക്കുന്നത്-34,691/- |

ഇനിയും ലഭിക്കാനവശേഷിക്കുന്ന 1,71,768 രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്. [ഓഡിറ്റ് എൻക്വയറി നം.14/28.03.2020-മരുന്ന് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി അറിയിച്ചു.]

## 1-23 ഭിന്നശേഷിയുള്ള കുട്ടികളുടെ സ്കോളർഷിപ്പ്-അർഹമായ നിരക്കിൽ നൽകിയില്ല.

| | |
|---|---|
| പദ്ധതി | സ്നേഹ സ്പർശം |
| അടങ്കൽ/ ചെലവ് | 1200000/ 1200000 |
| നിർവ്വഹണം | എെ.സി.ഡി.എസ് സൂപ്രവൈസർ |

മേൽ പ്രൊജക്ട് പ്രകാരം ശാരീരിക - മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകുന്നതിന് മൊത്തം 1200000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊജക്ടിൽ ഉൾപ്പെടുത്തി ശാരീരിക വെല്ലുവിളികൾ നേരിടുന്ന 24 പേർക്കും, മാനസിക വെല്ലുവിളികൾ നേരിടുന്ന 49 പേർക്കും സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. എന്നാൽ മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അർഹമായതിലും കുറഞ്ഞ തുകയാണ് സ്കോളർഷിപ്പ് നൽകിയിട്ടുള്ളത് . സർക്കാർ ഉത്തരവ് പ്രകാരം നൽകാവുന്ന തുകയും, 2018-19 വർഷത്തിൽ പഞ്ചായത്തിൽ നിന്നും മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് നൽകിയ സ്കോളർഷിപ്പ് തുകയും സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിദ്യാർത്ഥി പഠിക്കുന്ന ക്ലാസ് | വിദ്യാർത്ഥികളുടെ എണ്ണം | ഓരോ വിദ്യാർത്ഥിക്കും നൽകാവുന്ന തുക (വാർഷികം) | ഓരോ വിദ്യാർത്ഥിക്കും നൽകിയ തുക (വാർഷികം) |
|---|---|---|---|
| എല്ലാ വിഭാഗം വിദ്യാർത്ഥികൾക്കും | 49 | 28500 | 12000 മുതൽ 26500 വരെയുള്ള വ്യത്യസ്ത നിരക്കിലാണ് നൽകിയിട്ടുള്ളത് |

സ്കോളർഷിപ്പ് ഇനത്തിൽ കുട്ടികൾക്ക് 16500/- രൂപ മുതൽ 2000/- രൂപയുടേതുവരെയുള്ള കുറവുണ്ടായിട്ടുണ്ട്. 49 കുട്ടികൾക്കും 28500/- രൂപ സ്കോളർഷിപ്പ് ഇനത്തിൽ ലഭിക്കാൻ അർഹതയുണ്ടായിരിക്കേ, മുഴുവൻ തുക നൽകിയില്ലെന്ന് മാത്രമല്ല; 12000, 13500, 15000, 15500, 19746, തുടങ്ങി 25000, 25500, 26500 എന്നിങ്ങനെ വ്യത്യസ്ത നിരക്കിൽ ആണ് നൽകിയിട്ടുള്ളത്. അത് വിവേചനമായി ഓഡിറ്റ് വിലയിരുത്തുന്നു.

393500/- രൂപ കൂടി പ്രൊജക്ടിൽ വകയിരുത്തിയിരുന്നെങ്കിൽ മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കിൽ സ്കോളർഷിപ്പ് നൽകാമായിരുന്നു എന്ന് ഓഡിറ്റ്

വിലയിരുത്തുന്നു. സമയബന്ധിതമായി പ്രൊജക്ടുകൾ നടപ്പിലാക്കാത്തതുമൂലം 2818370/- രൂപ 2018-19 വർഷത്തിൽ പഞ്ചായത്തിന് നഷ്ടപ്പെട്ടിട്ടുണ്ട്. പദ്ധതി രൂപീകരണ സമയത്ത് ശാരീരിക - മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളുടെ എണ്ണം ഐ.സി.ഡി.എസ് സൂപ്പർവൈസർ കണക്കാക്കി തുക വകയിരുത്താത്തതും, പ്രൊജക്ട് റിവൈസ് ചെയ്യുന്ന സമയത്ത് പ്രസ്തുത വിഷയം പരിഗണിക്കാത്തതുമാണ് അർഹമായ നിരക്കിൽ സ്കോളർഷിപ്പ് നൽകാൻ കഴിയാത്തതിന് കാരണം. തുടർ വർഷങ്ങളിൽ അർഹതപ്പെട്ട സ്കോളർഷിപ്പ് തുക നൽകുന്നതിന് ആവശ്യമായ തുക വകയിരുത്തേണ്ടതാണ്. മേൽ വിഷയം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

[മേൽ പരാമർശം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/28.02.2020) ലഭ്യമാക്കിയ മറുപടിയിൽ തുടർ വർഷങ്ങളിൽ അർഹമായ മുഴുവൻ നിരക്കിൽ സ്കോളർഷിപ്പ് നൽകുന്നതിന് തുക വകയിരുത്തുന്നതിന് നടപടി സ്വീകരിക്കുമെന്ന് അറിയിച്ചു]

## 1-24 ജെന്ററർ കമ്മ്യൂണിറ്റി ഫെസിലിറ്റേറ്റർ- ഓണറേറിയം അധികമായി നൽകി.

| | |
|---|---|
| പദ്ധതി | കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്റർക്ക് ഓണറേറിയം നൽകൽ |
| അടങ്കൽ/ ചെലവ് | 150000/ 128839 |
| നിർവ്വഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

മേൽ പദ്ധതി പ്രകാരം പഞ്ചായത്തിൽ കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്റർ ആയി ശ്രീമതി. സിജി ജോയി എന്നവരെ നിയമിക്കുകയും പ്രതിമാസം 15000/- രുപ നിരക്കിൽ ഓണറേറിയം നൽകുകയും ചെയ്തിട്ടുണ്ട്. 09.07.2018-ന് ജോലിയിൽ പ്രവേശിച്ചിട്ടുള്ള ടിയാരിക്ക് ജൂലൈ മാസം പൂർണ്ണനിരക്കിൽ [15000/- രൂപ] ഓണറേറിയം അനുവദിച്ചിട്ടുണ്ട് [Bill No 07/2018 തിയ്യതി 22.10.2018]. 09.07.2018-ൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി. സിജി ജോയി എന്നവർക്ക് ജൂലൈ മാസത്തിൽ 08.07.2018 വരെയുള്ള തുക കിഴിച്ച് 11000/- രൂപക്ക് മാത്രമാണ് അർഹതയുള്ളത് [15000- (15000x8/30). 4000/- രൂപ ഓണറേറിയം ഇനത്തിൽ അധികമായി നൽകിയത് ക്രമ പ്രകാരമല്ല.

മേൽ പരാമർശം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/28.02.2020) ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി നിർവ്വഹണത്തിന്റെ ആദ്യ ഘട്ടത്തിൽ ചില അവ്യക്തതയുള്ളതിനാലാണ് അധികം തുക നൽകിയതെന്നും, നിലവിൽ അത്തരം അപാകതകൾ ഇല്ലെന്ന് ഉറപ്പ് വരുത്തുന്നുമുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. അധികം നൽകിയ തുക 4000/- തിരിച്ച് ഈടാക്കേണ്ടതാണ്.

## 1-25 ജി.എസ്.ടി- TDS ഈടാക്കിയില്ല.

ഗുഡ്സ് & സർവ്വീസ് ആക്ട് 2017- ലെ സെക്ഷൻ 51, 21.07.2018-ലെ 28th ജി.എസ്.ടി കൗൺസിൽ എന്നിവ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്ഥാപനങ്ങൾ നൽകുന്ന ജി.എസ്.ടിയിന്മേൽ 2 ശതമാനം TDS ഈടാക്കേണ്ടതാണ്. എന്നാൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ വിവിധ പദ്ധതികൾ പ്രകാരമുള്ള വാങ്ങലുകളിന്മേൽ TDS ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | പ്രൊജക്ട് | തുക/ ബിൽ നമ്പർ | സപ്ലൈ നടത്തിയ സ്ഥാപനം | തുക |
|---|---|---|---|---|
| 1 | അങ്കണവാടി പോഷകാഹാരം [34/19] & അങ്കണവാടി പോഷകാഹാരം SC [35/19] | 05/2019, 23.10.2018 | കീർത്തി ന്യൂട്രിമിക്സ്, കൈപ്പിനി | 177313 |
| | | | | |

| | | | | |
|---|---|---|---|---|
| | | 449059/ 21.11.2018 | -do- | 366439 |
| | | 17/24.02.2019 | -do- | 154061 |
| | | 621/21.02.2019 | -do- | 152683 |
| | | 6/23.10.2018 | -do- | 210920 |
| ആകെ | | | | 1061416 |

വാങ്ങലുകൾ നടത്തുമ്പോൾ നൽകുന്ന ജി.എസ്.ടിയിന്മേൽ 2% TDSഈടാക്കുന്നുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതാണ്.

[മേൽ പരാമർശം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/28.02.2020) ലഭ്യമാക്കിയ മറുപടിയിൽ ഇനിയുള്ള വാങ്ങലുകളിന്മേൽ TDS ഈടാക്കുന്നതാണെന്ന് അറിയിച്ചു]

# 1-26 ഭൂജല വകുപ്പിലെ ഡിപ്പോസിറ്റ്- തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ കുഴൽ കിണറുകൾ നിർമ്മിക്കുന്നതിന് ഭൂജല വകുപ്പിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. ആയതിൽ പ്രവൃത്തി പൂർത്തീകരിച്ച് പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഡിപ്പോസിറ്റിൽ അവശേഷിക്കുന്ന തുക പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | നിക്ഷേപിച്ച തുക/ ഫണ്ട് | ബിൽ നമ്പർ | ചെലവ് | ബാക്കി |
|---|---|---|---|---|
| ചണ്ണംകുന്ന് കുഴൽ കിണർ നിർമ്മാണം [97/18] | 47900/- CFC | 13/14.11.2018 | 18161 | 29739 |
| ST കോളനികളിൽ കുഴൽ കിണർ നിർമ്മാണം [97/18] | 42740/- TSP | 14/14.11.2018 | 25914 | 16826 |

മേൽ തുകകൾ ലഭ്യമാക്കി ബന്ധപ്പെട്ട ഹെഡിൽ അടവാക്കി വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്. [ഓഡിറ്റ് എൻക്വയറി 9/28.02.2020- തുടർ നടപടി സ്വീകരിച്ചുവരുന്നതായി അറിയിച്ചു].

# 1-27 റവന്യൂ ഡിപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണ്.

കേരള ഫിനാൻഷ്യൽ കോഡ് വോള്യം I, ആർട്ടിക്കൾ 282 പ്രകാരം റവന്യൂ ഡിപ്പോസിറ്റുകൾ ഫേം പിരിയേഡ് കഴിഞ്ഞ് മൂന്ന് വർഷത്തിനകം ക്ലെയിം ചെയ്യേണ്ടതും, അല്ലാത്തപക്ഷം ആയത് കാലഹരണപ്പെടുന്നതും, തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതുമാണ്. എന്നാൽ വിവിധ ഇനങ്ങളിലായി പഞ്ചായത്തിൽ അടവാക്കിയിട്ടുള്ളതും, കാലഹരണപ്പെട്ടതുമായ റവന്യൂ ഡിപ്പോസിറ്റുകൾ സമയ ബന്ധിതമായി തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല. വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ഡിപ്പോസിറ്റുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഡിപ്പോസിറ്റ് | ഡിപ്പോസിറ്റ് തുക |
|---|---|
| Contractors EMD | 30125 |
| Supliers EMD | 22145 |
| Bidders EMD | 1000 |
| | |

| | |
|---|---|
| Contractors SD | 65585 |
| Supliers SD | 2750 |
| Bidders SD | 3000 |
| Contractors Retention | 156398 |
| Auction Deposit | 12100 |
| Other Deposit | 7400 |
| Total | 300503 |

മേൽ റവന്യൂ ഡിപ്പോസിറ്റുകളിൽ കാലഹരണപ്പെട്ടവ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. [ഓഡിറ്റ് എൻക്വയറി 8/28.02.2020– തുടർ നടപടി സ്വീകരിക്കുമെന്ന് അറിയിച്ചു]

## 1-28 തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനും, വരുമാനത്തിലെ ചോർച്ച തടയുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

2018-19 വർഷത്തിൽ തനത് വരുമാന ഇനത്തിൽ പഞ്ചായത്ത് ഫണ്ടിന് ലഭിക്കേണ്ട മൊത്തം തുക 4151076/- രൂപയാണ്. ആയത് പ്രധാനമായും വസ്തു നികുതി, തൊഴിൽ നികുതി, ഡി & ഒ ലൈസൻസ് ഫീ എന്നീ ഇനങ്ങളിൽ നിന്നാണ്. തനത് വരുമാനത്തിന്റെ സ്രോതസുകൾ തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| വസ്തു നികുതി | 2587472 |
| തൊഴിൽ നികുതി | 988040 |
| ഡി & ഒ ലൈസൻസ് ഫീ | 67800 |
| മറ്റുള്ളവ | 507764 |
| ആകെ | 4151076 |

പഞ്ചായത്തിലെ ഭൂരിഭാഗ പ്രദേശങ്ങളും ഗ്രാമങ്ങളായതിനാൽ വ്യാവസായിക- വാണിജ്യ സംരംഭങ്ങളിൽ നിന്നുള്ള വരുമാനം വളരെ കുറവാണ്. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിന് പരിമിധികളുള്ളതിനാൽ ലഭിക്കേണ്ട വരുമാനം പൂർണ്ണമായും ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. പഞ്ചായത്തിൽ ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ വസ്തു നികുതി, തൊഴിൽ നികുതി, ഡി & ഒ ലൈസൻസ് ഫീ എന്നിവയുടെ വരവുകൾ ഡിമാന്റ് ചെയ്യുന്നതിലും ഈടാക്കുന്നതിലും വീഴ്ചകളുള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

I. തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ, പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ അത്തരം വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ തൊഴിൽ, വ്യപാരം, വ്യവസായം, മറ്റ് വരുമാനമാർഗ്ഗങ്ങൾ എന്നിവയിൽ ഏർപ്പെടുന്നവർ മേൽ ആക്ട്, ചട്ടങ്ങൾ എന്നിവ പ്രകാരം തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരാണ്. തൊഴിൽ നികുതി ഡിമാന്റ് ചെയ്യൽ/ഈടാക്കൽ എന്നിവയുമായി ബന്ധപ്പെട്ട രേഖകൾ/രജിസ്റ്ററുകൾ പരിശോധിച്ചതിൽ മേൽ ആക്ട്, ചട്ടങ്ങൾ എന്നിവ പ്രകാരം തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ മുഴുവൻ വ്യക്തികളും/സ്ഥാപനങ്ങളും നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് ഉറപ്പു വരുത്തുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. നികുതി അടവാക്കാൻ ബാധ്യതപ്പെട്ടവരിൽ നിന്നും ആയത് പൂർണ്ണമായും ഈടാക്കുന്നുണ്ടെന്ന്

ഉറപ്പുവരുത്തുന്നതിന് കേരള പഞ്ചായത്ത് രാജ് ആക്ട്, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയിൽ നിഷ്കർഷിച്ചിട്ടുള്ള നടപടികൾ കർശനമായി പാലിക്കേണ്ടതാണ്.

എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ സ്ഥാപനം നോട്ടീസ് നൽകേണ്ടതും നിശ്ചിത ഫോറത്തിൽ വിവരം വാങ്ങേണ്ടതുമാണ് [നിയമം 205ബി,ചട്ടം13 എന്നിവ കാണുക]. എന്നാൽ നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ, തൊഴിലാളികൾ, വരുമാനദായകർ എന്നിവരെ കണ്ടെത്താനുള്ള മേൽ നടപടികൾ പൂർണമായി സ്ഥാപനത്തിൽ പാലിക്കപ്പെട്ടിട്ടില്ല.

കെട്ടിട ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ സ്ഥാപനം നോട്ടീസ് നൽകി നിശ്ചിത ഫോറത്തിൽ വിവരം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ രണ്ടാം നമ്പർ ഫോറത്തിൽ തൊഴിലെടുക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നൽകേണ്ടതാണ്. വാർഡുകളുടെ ചുമതലയുള്ള ക്ലാർക്കുമാർ, ഡി & ഒ ലൈസൻസ് നൽകിയതിലെ വിവരങ്ങൾ തുടങ്ങി ലഭ്യമായ എല്ലാ സംവിധാനങ്ങളും ഉപയോഗപ്പെടുത്തി ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

വിവിധ വാണിജ്യ/വ്യവസായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് ലൈസൻസ് നല്കുമ്പോൾ ഈടാക്കുന്ന നികുതി സ്ഥാപനത്തിന്റെ പ്രതിദിന വിറ്റുവരവ് അടിസ്ഥാനപ്പെടുത്തി സ്ഥാപന തൊഴിൽനികുതി മാത്രമാണെന്ന് രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നവരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ലെന്ന് കാണുന്നു. ലൈസൻസ് അനുവദിക്കപ്പെട്ട സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ടെയിഡ്രേഴ്സിൽ നിന്നും നികുതി ഈടാക്കിയിട്ടുള്ളത് ചട്ടങ്ങളിൽ പ്രതിപാദിച്ച നടപടിക്രമങ്ങൾ പാലിക്കാതെയാണ്. സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങിയാണ് നികതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടത്. എന്നാൽ ഒരു മാനദണ്ഡവുമില്ലാതെ ഒരു നിശ്ചിത തുക ഈടാക്കുന്ന രീതിയാണ് തുടർന്നുവരുന്നത്. ഇത് വരുമാനചോർച്ചയ്ക്ക് ഇടയാക്കുന്നു എന്നതു പോലെ ചട്ടങ്ങളുടെ ലംഘനവുമാണ്. നികുതി ക്രമപ്രകാരം ഈടാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

II. പെർമിറ്റ് രജിസ്റ്ററിൽ പൂർണ്ണമായ രേഖപ്പെടുത്തലുകളില്ല- അനധികൃത കെട്ടിടങ്ങൾ കണ്ടെത്തുന്നതിന് കഴിയുന്നില്ല.

പഞ്ചായത്തിൽ നിന്നും പെർമിറ്റ് എടുക്കാതെയും, നിലവിലുള്ള കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലിനുള്ള പെർമിറ്റുകൾ എടുത്ത് നിർമ്മാണം പൂർത്തീകരിച്ചതിന് ശേഷവും കംപ്ലീഷൻ പ്ലാൻ സമർപ്പിച്ച് നികുതി പുനർ നിർണ്ണയിക്കാതെയും ഉള്ള കെട്ടിടങ്ങൾ കണ്ടെത്തുന്നതിനുള്ള സംവിധാനം കാര്യക്ഷമമല്ലാത്തതിനാൽ വസ്തു നികുതി ഇനത്തിൽ ചോർച്ച ഉണ്ടാവുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു. സ്ഥാപനത്തിൽ പെർമിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കെട്ടിടങ്ങൾ നിർമ്മാണം പൂർത്തീകരിക്കുമ്പോൾ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല (ചില പെർമിറ്റുകളുടെ കാര്യത്തിൽ മാത്രം പൂർത്തീകരണം രേഖപ്പെടുത്തിയിട്ടുണ്ട്). ഇതുകൊണ്ട് തന്നെ പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുകയോ പുതുക്കുകയോ ചെയ്യാത്ത പെർമിറ്റുകൾ നിരീക്ഷണവിധേയമാക്കാനോ അനധികൃത നിർമ്മാണമുണ്ടെങ്കിൽ നടപടികൾ സ്വീകരിക്കാനോ കഴിയുന്നില്ല. നിലവിലുള്ള കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലിനുള്ള പെർമിറ്റുകളുടെ കാര്യത്തിൽ പ്രത്യേകിച്ചും പൂർത്തീകരണ വിവരം ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടത് കെട്ടിട ഉടമയെ സംബന്ധിച്ച് അത്യാവശ്യമായ കാര്യമല്ലാത്തതിനാൽ കംപ്ലീഷൻ പ്ലാൻ സമർപ്പിക്കണമെന്നില്ല. ഇത്തരം കെട്ടിടങ്ങളുടെ കാര്യത്തിൽ പെർമിറ്റ് കാലാവധിക്കു ശേഷം സൈറ്റ് പരിശോധന നടത്തിയാൽ മാത്രമാണ് നിജസ്ഥിതി കണ്ടെത്താനാവുക. രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ ഇത്തരം പരിശോധന സാധ്യമല്ല.

പെർമിറ്റ് രജിസ്റ്ററിൽ പൂർണ്ണമായ രേഖപ്പെടുത്തലുകൾ വരുത്തിയും, വാർഡുകളുടെ ചുമതലയുള്ള ക്ലാർക്കുമാരുടെ സേവനം ഉപയോഗപ്പെടുത്തിയും അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനും, വസ്തു നികുതി ഇനത്തിലെ

ചോർച്ച തടയുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

III. ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നില്ല.

സഞ്ചയയിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം 2018-19 വർഷം വരെ പഞ്ചായത്ത് പരിധിയിൽ വാണിജ്യ/ വ്യാവസായിക ആവശ്യങ്ങൾക്ക് വേണ്ടി നിർമ്മിക്കപ്പെട്ട 1327കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ചിട്ടുണ്ട്. നികുതി ഇളവ് രജിസ്റ്റർ പ്രകാരം തൻ വർഷം 22 കെട്ടിടങ്ങൾക്കാണ് വേക്കൻസി റെമിഷൻ അനുവദിച്ചിട്ടുള്ളത്. ഇതിൽ നിന്നും 1305 കെട്ടിടങ്ങൾ ലൈസൻസ് ആവശ്യമുള്ള വിവിധ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താനുള്ള സാധ്യത നിലനിൽക്കുന്നു. കൂടാതെ നിർമ്മിതിയുടെ സ്വഭാവമനുസരിച്ച് ഈ കെട്ടിടങ്ങൾ വാണിജ്യ, വ്യവസായ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താനാണ് സാധ്യത. എന്നാൽ ഓഡിറ്റ് വർഷത്തിൽ 202 ലൈസൻസ് മാത്രമാണ് അനുവദിച്ചിട്ടുള്ളത്. 1103 കെട്ടിടങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കാനുള്ള സാധ്യത പരിശോധിക്കപ്പെടേണ്ടതാണ് [കുറിപ്പ്: ഓരോ റൂമും ഓരോ കെട്ടിട നമ്പറായി അസസ്മെന്റ് നടത്തുന്നത് കൊണ്ട് ഒന്നിൽ കൂടുതൽ റൂമുകളിൽ പ്രവർത്തിക്കുന്ന സ്ഥാപനം തന്നെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതായി വരാം. ആയതുകൊണ്ട് 1103 സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു എന്നല്ല ആയതിന്റെ സാധ്യത പരിശോധനക്ക് വിധേയമാക്കുന്നില്ല എന്നതാണ് നിരീക്ഷണം].

1994ലെ കേരള പഞ്ചായത്ത് നിയമം, വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിലെ യാതൊരു സ്ഥലവും പരിസ്ഥിതി, പൊതുസുരക്ഷ, പൊതുജനാരോഗ്യം മുതലായ പൊതു താൽപര്യങ്ങളെ ദോഷകരമായി ബാധിക്കുന്നതോ ശല്യകാരണമായി ഭവിക്കുന്നതോ ആയ വ്യവസായങ്ങൾ, ഫാക്ടറികൾ, വ്യാപാരങ്ങൾ, പണിസ്ഥലങ്ങൾ, മറ്റു സേവനങ്ങൾ എന്നിവക്കായി പൊതുവേയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാര്യങ്ങൾക്കായി പ്രത്യേകിച്ചും, സെക്രട്ടറി നൽകുന്ന ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമായല്ലാതെ ഉപയോഗിക്കാൻ പാടുള്ളതല്ല എന്ന കാര്യം ഇവിടെ പ്രസക്തമാകുന്നു. ലൈസൻസ് ഇനത്തിൽ ലഭിക്കുന്ന വരുമാനം നഷ്ടപ്പെടുന്നതിനൊപ്പം അപകടം വരുത്തിവയ്ക്കാവുന്ന പ്രവർത്തനങ്ങൾ നിയന്ത്രിക്കപ്പെടുന്നില്ല എന്നതും ഗൗരവപൂർണ്ണം കാണേണ്ടതാണ്. അടിയന്തിരമായി ഫീൽഡ് പരിശോധന നടത്തി ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തേണ്ടതും ആവശ്യമായ തുടർനടപടികൾ സ്വീകരക്കേണ്ടതുമാണ്.

തനത് വരുമാനത്തിൽ ചോർച്ചയുണ്ടാവുന്നത് തടയുന്നതിന് സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതും, ആയത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഉറപ്പു വരുത്തേണ്ടതുമാണ്. മേൽ പരാമർശം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി, പഞ്ചായത്ത് ഭരണ സമിതി എന്നിവയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു. [ഓഡിറ്റ് എൻക്വയറി നം.13/28.03.2020- പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുമെന്ന് അറിയിച്ചു.]

# 1-29 കെട്ടിട നികുതി നിർണ്ണയത്തിലെ അപാകത

1.കെട്ടിട നികുതി നിർണ്ണയത്തിലെ അപാകത- ഗ്രാമ പഞ്ചായത്തിന് വരവ് നഷ്ടം

2011- ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം മൂത്തേടം ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി വാണിജ്യ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി നിരക്ക് താഴെ പറയുന്ന പ്രകാരമാണ് ഭരണസമിതി നിശ്ചയിച്ചിട്ടുള്ളത്.

| | |
|---|---|
| 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 40 രൂപ/ ച.മീ |
| 100 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 60രൂപ/ ച.മീ.മീ |

ഗ്രാമപഞ്ചായത്തിൽ നിർമ്മാണം പൂർത്തീകരിച്ച് കെട്ടിടനമ്പറിനായി അപേക്ഷിച്ച 100 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങൾ വിവിധ മുറികളായി തിരിച്ചതിനാൽ , ഓരോ മുറിയുടെയും

തറവിസ്തീർണ്ണം മാത്രം കണക്കാക്കി 100 ച.മീറ്ററിൽ താഴെ തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം എന്ന പരിഗണന നൽകി വസ്തുനികുതി നിർണ്ണയിച്ച് നൽകുകയുമാണ് ചെയ്തിരിക്കുന്നത്.

മുഹമ്മദ് അഷ്റഫ്, ചുള്ളിക്കുളവൻ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള താഴെ സൂചിപ്പിക്കുന്ന കെട്ടിടത്തിന്റെ മൂന്ന് മുറികൾ (536 A, B, C) വാണിജ്യ ആവശ്യത്തിന് മുൻ വർഷങ്ങളിൽ നമ്പറിട്ട് നൽകിയതാണ്. അവശേഷിക്കുന്ന മൂന്ന് മുറികൾ (536 D, E, F) ഉൾപ്പെടെ 100 ച.മീ.ൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളിലെ മുറികൾക്ക് കുറഞ്ഞ നിരക്കിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. വിശദ വിവരം ചുവടെ

| കെട്ടിട നമ്പർ | ഇനം | ഈടാക്കിയത് | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|
| 536 D | വിസ്തീർണ്ണം | 28.91 | 28.91 | |
| | നികുതി നിരക്ക് | 40 | 60 | |
| | നികുതി | 1156.4 | 1734.6 | |
| | വർദ്ധനവ് (വഴി) 20% | 231.28 | 346.92 | |
| | L.C. (5%) | 70 | 104 | |
| | ആകെ | 1458 | 2186 | 728 |
| 536 E | വിസ്തീർണ്ണം | 13.6 | 13.6 | |
| | നികുതി നിരക്ക് | 40 | 60 | |
| | നികുതി | 544 | 816 | |
| | വർദ്ധനവ് (വഴി) 20% | 108.8 | 163.2 | |
| | L.C. (5%) | 33 | 49 | |
| | ആകെ | 686 | 1029 | 343 |
| 536 F | വിസ്തീർണ്ണം | 35.87 | 35.87 | |
| | നികുതി നിരക്ക് | 40 | 60 | |
| | നികുതി | 1434.8 | 2152.2 | |
| | വർദ്ധനവ് (വഴി) 20% | 286.96 | 430.44 | |
| | L.C. (5%) | 87 | 130 | |
| | ആകെ | 1809 | 2713 | 904 |
| ആകെ കുറവ് | | | | 1975 |

അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (നം-10/28.2.2020) ക്ക് നൽകിയ മറുപടിയിൽ കുറവുള്ളത് ഈടാക്കുന്നതാണെന്ന് അറിയിച്ചു.പ്രസ്തുത കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിച്ച് ഈടാക്കിയതിൽ കുറവുള്ള നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2.വസ്തു നികുതി പുനർ നിർണ്ണയിച്ചില്ല.- പഞ്ചായത്തിന് വരവ് നഷ്ടം

കെട്ടിട നികുതി നിർണ്ണയത്തിലെ അപാകത മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ സൂചിപ്പിച്ച് നികുതി പുനർ നിർണ്ണയിക്കാൻ നിർദ്ദേശിച്ചിരുന്നുവെങ്കിലും നാളിതുവരെ പ്രസ്തുത കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിക്കാത്തതിനാൽ ഓരേ വർഷവും ഈ ഇനത്തിൽ ഗ്രാമ പഞ്ചായത്തിന് വരവ് നഷ്ടം സംഭവിക്കുന്നു. മുൻ വർഷങ്ങളിൽ നികുതി അസസ് ചെയ്യതും 2018-19ൽ പ്യൂരിഫിക്കേഷൻ നടത്തിയതുമായ ഇത്തരം കെട്ടിടങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

| അനുവദിച്ച നം | കെട്ടിട ഉടമയുടെ പേര് | ആകെ വിസ്തീർണ്ണം (ച.മീ.) | ഈടാക്കിയ നിരക്ക് / ച.മീ. | ഈടാക്കേണ്ട നിരക്ക്/ ച.മീ. |
|---|---|---|---|---|
| 2/269 D to G | മുഹമ്മദ് എരഞ്ഞിക്കുളവൻ | 102 | 40 | 60 |
| 5/588A to H | സൈതലവിഹാജി പുലിക്കട | 134.76 | 40 | 60 |

2018-19 വർഷത്തെ ന്യൂ ബിൽഡിങ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ , 2018-19 വർഷത്തിൽ അസസ് ചെയ്ത കെട്ടിടങ്ങളുടെ വിവരം ലഭ്യമല്ല. അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (നം-10/28.2.2020) ക്ക് നൽകിയ മറുപടിയിൽ, കുറവുള്ളത് ഈടാക്കുന്നതാണെന്ന് അറിയിച്ചു.പ്രസ്തുത കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിച്ച് ഈടാക്കിയതിൽ കുറവുള്ള നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-30 മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കാൻ നടപടിയായില്ല

ഗ്രാമ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന താഴെ സൂചിപ്പിക്കുന്ന ബി.എസ്.എൻ.എൽ മൊബൈൽ ടവറുകളുടെ 2018-19 വർഷത്തെ വസ്തു നികുതി ഈടാക്കിയിട്ടില്ല. പ്രസ്തുത മൊബൈൽ ടവറുകളുടെ വസ്തു നികുതി 2013-14 മുതൽ കുടിശ്ശികയുണ്ടായിരുന്നു. കുടിശ്ശിക ഈടാക്കുന്നതിന് കേസ് ഫയൽ ചെയ്യതിനെ തുടർന്ന് കുടിശ്ശിക ഇനത്തിൽ 42,390 രൂപ ബി.എസ്.എൻ.എൽ, ഗ്രാമ പഞ്ചായത്തിൽ അടവാക്കിയിരുന്നെങ്കിലും , കോമ്പൗണ്ടിങ് ഫീ അടവാക്കാത്തതിനാൽ ആയത് ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ഡെപ്പോസിറ്റ് ഇനത്തിൽ വരവു വെക്കുകയാണ് ചെയ്യിട്ടുള്ളത്. മൊബൈൽ ടവറുകളുടെ വിശദ വിവരം ചുവടെ

| ടവർ/കെട്ടിട നമ്പർ | വിലാസം | അസസ് ചെയ്ത വാർഷിക നികുതി (L.C ഉൾപ്പെടെ) | ഈടാക്കാൻ അവശേഷിക്കുന്ന വർഷം |
|---|---|---|---|
| 1/323 | മാനേജർ, ബി.എസ്.എൻ.എൽ | 3327 | 2018-19 |
| 5/282 | മാനേജർ, ബി.എസ്.എൻ.എൽ | 3333 | 2018-19 |

പ്രസ്തുത മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കാൻ സ്വീകരിച്ച തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കാൻ ആവശ്യപ്പെട്ട് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (നം-11/28.2.2020) ക്ക് നൽകിയ

മറുപടിയിൽ പ്രസ്തുത മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നതായി അറിയിച്ചു. ടവറുകളുടെ വസ്തു നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 പ്ലാസ്റ്ററിങ്ങ് പൊളിച്ച് നീക്കാൻ അധിക നിരക്ക് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തുന്ന 60/19 പ്രോജക്ട് പാലേങ്ങര ലിഫ്റ്റ് ഇറിഗേഷൻ റിപ്പയർ പ്രവൃത്തി ചെയ്യുന്നതിനാണ്. പ്ലാൻ വിഹിതം രണ്ട് ലക്ഷം രൂപയാണ് വകയിരുത്തിയത്. അത്രയും തുക ചെലവും വന്നിട്ടുണ്ട്. ബിൽ 46/17.08.2018 പ്രകാരം കരാറുകാരന് തുക നൽകുകയും ചെയ്തിട്ടുണ്ട്.

എസ്റ്റിമേറ്റിലെ ഇനം ഒന്ന്, നിലവിലുള്ള സിമന്റ് പ്ലാസ്റ്ററിംഗ് പൊളിച്ച് നീക്കുന്നതിനാണ് . ഇതിന് ഒബ്സർവ്ഡ് ഡാറ്റ od137892/18-19 പ്രകാരം 176.79/m2 രൂപയാണ് അനുവദിച്ചിട്ടുള്ളത്. അളവ് പുസ്തകം 109/18-19 പേജ് 20 ൽ അളവുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. 209.24m2 അളവിൽ പ്രവൃത്തി ചെയ്തതിന് 176.79 നിരക്കിൽ 36991.54 രൂപ കരാറുകാരനായ സനീദ് റാഫിക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

നിലവിലുള്ള സിമന്റ് പ്ലാസ്റ്ററിംഗ് പൊളിച്ച് നീക്കുന്നതിന് DSR ൽ ഐറ്റം ഉൾപെടുന്നുണ്ട്. DSR 2016 കോഡ് 15.56 സിമന്റ് പ്ലാസ്റ്ററിംഗ് പൊളിച്ച് നീക്കുന്നതിനുള്ളതാണ്. ഈ ഇനത്തിന് പരമാവധി അനുവദനീയമായ തുക 22.4/sqm ആണ്. 37.25 % Cost Index ഉൾപെടുത്തി പരമാവധി അനുവദനീയമായ തുക 30.74 മാത്രമാണ് വരുന്നത്.

ഇപ്രകാരം , നിലവിൽ കോഡ് ഉണ്ടായിരിക്കെ ഒബ്സർവ്ഡ് ഡാറ്റയുടെ അടിസ്ഥാനത്തിൽ കരാറുകാരന് തുക നൽകിയത് ക്രമപ്രകാരമല്ല.

കരാറുകാരന് അനുവദനീയമായ തുക 209.24m2@30.74 =6432.03 രൂപ മാത്രമാണ് എന്ന് വ്യക്തമാവുന്നു. ഇപ്രകാരം കരാറുകാരന് 30559.51രൂപ അധികം നൽകിയത് ശ്രദ്ധയിൽ പെടുത്തുന്നു.

ഇതേ വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ 188/19 പലേങ്ങര ലിഫ്റ്റ് ഇറിഗേഷൻ നാരങ്ങാമൂല സബ്കനാൽ പുനരുദ്ധാരണ പ്രവൃത്തിയിൽ എക്സ്ട്രാ ഇനമായി ഉൾപെടുത്തിയ സിമന്റ് പ്ലാസ്റ്ററിംഗ് പൊളിച്ച് ഒഴിവാക്കുന്നതിന് DSR 15.56 പ്രകാരമുള്ള നിരക്ക് @30.74 രൂപ മാത്രമാണ് നൽകിയിട്ടുള്ളത് എന്നത് ശ്രദ്ധേയമാണ്. അപാകത പരാമർശിച്ച് 02/27-02-2020 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും വിശദീകരണം ലഭ്യമാക്കുകയോ തുക തിരിച്ചടവാക്കുകയോ ചെയ്തിട്ടില്ല. തുക തിരിച്ചടവാക്കേണ്ടതാണ്. സാമ്പത്തിക ബാധ്യത അസിസ്റ്റന്റ് എഞ്ചിനീയറിൽ ചുമത്തുന്നു.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
| --- | --- | --- |

| | | |
|---|---|---|
| 2018-19 | 08.8.2019 മുതൽ 09.8.2019 വരെ | കെ.എസ്.എ.എം.പി.എം. 5/774/2019 തീയതി 24-08-2019 |

## 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

2018-19

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് നിലമ്പൂർബ്ലോക്ക് പഞ്ചായത്ത് നിലമ്പൂർ | 1250000 | ഭവന നിർമ്മാണം ലൈഫ് ജനറൽ-04/2019 | 1250000 | 0 |
| | 350000 | ഭവന നിർമ്മാണം ലൈഫ് പട്ടിക വര്ഗ്ഗം 07/2019 | 350000 | 0 |
| | 800000 | ഭവന നിർമ്മാണം ലൈഫ് പട്ടിക ജാതി -10/2019 | 800000 | 0 |
| | 33620 | 12/2019 നെല്കൃഷി വികസനം കൂലിചെലവ് | 33620 | 0 |
| | 170000 | 50/2019 സമഗ്ര പച്ചക്കറി കൃഷി വികസനം | 170000 | 0 |
| ജില്ലാ പഞ്ചായത്ത് മലപ്പുറം | 2363750 | ഭവന നിർമ്മാണം ലൈഫ് ജനറൽ-04/2019 | 2363750 | 0 |
| | 216108 | ഭവന നിർമ്മാണം ലൈഫ് പട്ടിക വര്ഗ്ഗം 07/2019 | 216108 | 0 |
| | 806000 | ഭവന നിർമ്മാണം ലൈഫ് പട്ടിക ജാതി -10/2019 | 806000 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

2018-19

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കിന് തുക നൽകിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം. (KSEB, KWA, GWD ഉൾപ്പെടെ)

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ / ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെ എസ് ഇ ബി | 43/2019 തെരുവ് വിളക്കിന് സ്റ്റ്രീറ്റ് മെയിൻ സ്ഥാപിക്കൽ | 21800779 | 260308 | | | 260308 |
| കെ എസ് ഇ ബി | 212/2019 തെരുവ് വിളക്കിന് സ്റ്റ്രീറ്റ് മെയിൻ സ്ഥാപിക്കൽ | 21800780 | 89043 | | | 89043 |
| ഗ്രൌണ്ട് വാട്ടർ ഡിപാർട്ട് മെൻറ് | 47/2019 ചണ്ണകുന്ന് കുഴല്കിണർ നിർമ്മാണം | 21800568 | 47900 | | | 47900 |
| ഗ്രൌണ്ട് വാട്ടർ ഡിപാർട്ട് മെൻറ് | 97/2019 എസ് റ്റി കോളനിയിൽ കുഴല്കിണർ നിർമ്മാണം | 21800569 | 42740 | | | 42740 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.

ഇല്ല.

# 4-5 വായ്പ/ വായ്പ തിരിച്ചടവ്

2018-19

(i) വായ്പ്പ തിരിച്ചടവിന്റെ വിവരം. 2018-19

| ക്രമ നം. | വായ്പ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തിയ്യതി | വായ്പ്പ തുക | വർഷാരംഭത്തിൽതിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| | ഇ എം | 909/2010 | 7000000 | 675474 | 675474 | 0 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| | എസ് ഭവന പദ്ധതി | തസ്വഭവ 18.03.2010 | | | | | |
| | ലൈഫ് ഭവന പദ്ധതി | 68/2018 തസ്വഭവ 18.05.2018 | 27040000 | 0 | 0 | 0 | 27040000 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ.

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

2018-19

| ഓഡിറ്റ് റിക്കവറി 2018-19 | | | | |
|---|---|---|---|---|
| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/തിയ്യതി |
| 2017-18 | 3-11 | 24044 | ഫ്രാൻസിസ്.എ.ഫെർണാണ്ടസ് (എ.ഇ.) | 118020102921/13.11.18 |
| 2017-18 | 3-9 | 3059 | ഫ്രാൻസിസ്.എ.ഫെർണാണ്ടസ് (എ.ഇ.) | 118020103083/30.11.18 |
| Audit Enquiry 1/23.01.19 | | 2629 | അബ്ദുൾ ഹമീദ് പൂവത്തി (കോൺട്രാക്ടർ) | 118020104306/24.01.19 |
| 2003-04 | 3-13 | 400 | ഗീത രമേഷ് (സ്റ്റാഫ്-ദിവസ വേതനം) | 118020104512/30.01.19 |
| 2003-04 | 3-13 | 400 | ബുഷ്റ (സ്റ്റാഫ്-ദിവസ വേതനം) | 118020104513/30.01.19 |
| 2007-08 | 2-2 | 480 | ജമീല മാഞ്ചേരി (വ്യാപാരി) | 118020104514/30.01.19 |
| 2007-08 | 2-2 | 480 | അബ്ദുൾ അസീസ് വള്ളുവമ്പാലി (വ്യാപാരി) | 118020104515/30.01.19 |
| 2007-08 | 2-2 | 480 | മുഹമ്മദ് കാളങ്ങാടൻ (വ്യാപാരി) | 118020104516/30.01.19 |
| 2007-08 | 2-2 | 480 | പ്രഭാകരൻ പുറ്റാനിക്കാട്ടിൽ (വ്യാപാരി) | 118020104517/30.01.19 |
| 2007-08 | 2-5 | 180 | അഷ്റഫ്.ഇ.കെ. (എച്ച്.എസ്.എ.) | 118020104518/30.01.19 |
| 2007-08 | 2-5 | 180 | നന്ദകുമാർ.പി.സി. (എച്ച്.എസ്.എ.) | 118020104519/30.01.19 |

| | | | | |
|---|---|---|---|---|
| 2007-08 | 2-5 | 180 | സഫിയ.പി.എ. (എച്ച്.എസ്.എ.) | 118020104520/30.01.19 |
| 2008-09 | 2-5 | 300 | ആർ.ജയേന്ദ്രൻ (ഫോറസ്റ്റർ) | 118020104521/30.01.19 |
| 2008-09 | 2-5 | 450 | അജിത്ത്കുമാർ.ജെ.എസ്. (ഫോറസ്റ്റ് ഗാർഡ്) | 118020104522/30.01.19 |
| 2008-09 | 2-5 | 300 | ലില്ലിക്കുട്ടി സാമുവേൽ (പി.ഡി.ടീച്ചർ) | 118020104523/30.01.19 |
| 2009-10 | 2-5 | 300 | ജോസ്കുഞ്ഞ്.കെ.ടി.(സെക്രട്ടറി-റിട്ട) | 118020104524/30.01.19 |
| 2009-10 | 2-5 | 180 | ദിവാകരനുണ്ണി.എൻ.പി. (ഫോറസ്റ്റ് ഗാർഡ്) | 118020104525/30.01.19 |
| 2008-09 | 2-5 | 300 | രാംകുമാർ.ഇ. (ഫോറസ്റ്റ് ഗാർഡ്) | 118020104526/30.01.19 |
| 2008-09 | 2-5 | 300 | അബ്ദുൾ റഷീദ്.പി.എൻ. (ഫോറസ്റ്റ് ഗാർഡ്) | 118020104527/30.01.19 |
| 2008-09 | 2-5 | 300 | ദീപ.എം.ടി.(ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ) | 118020104528/30.01.19 |
| 2002-03 | 3-1 | 32 | സി.ടി.എബ്രഹാം (മുൻ മെമ്പർ) | 118020104578/31.01.19 |
| 2002-03 | 3-1 | 32 | സഫിയ (മുൻ മെമ്പർ) | 118020104579/31.01.19 |
| | | 35486 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 04/97 - 03/00<br>10/01 - 03/02 | 45 | 2003-04 | 3.10.6.1 | അഗ്രോ സർവ്വീസ് സെന്റർ പ്രവർത്തിക്കുന്നില്ല. | നടപടി തുടരുന്നു. |
| 04/97 - 03/00 | 67 | 2003-04 | 3.10.6.2(1) | മൂല്യനിർണ്ണയത്തിൽ അധികം തുക നൽകി | നടപടി തുടരുന്നു |

| | | | | | |
|---|---|---|---|---|---|
| 10/01 - 03/02 | | | | | |
| 04/97 - 03/00<br>10/01 - 03/02 | 68 | 2003-04 | 3.10.6.2(2) | മൂല്യനിർണ്ണയത്തിൽ അധികം തുക നൽകി | നടപടി തുടരുന്നു |
| 04/97 - 03/00<br>10/01 - 03/02 | 71 | 2003-04 | 3.10.6.2(3) | മൂല്യനിർണ്ണയത്തിൽ അധികം തുക നൽകി | നടപടി തുടരുന്നു |
| 04/97 - 03/00<br>10/01 - 03/02 | 72 | 2003-04 | 3.10.6.2(4) | മൂല്യനിർണ്ണയത്തിൽ അധികം തുക നൽകി | നടപടി തുടരുന്നു |
| 04/97 - 03/00<br>10/01 - 03/02 | 73 | 2003-04 | 3.10.6.2(5) | മൂല്യനിർണ്ണയത്തിൽ അധികം തുക നൽകി | നടപടി തുടരുന്നു |
| 04/97 - 03/00<br>10/01 - 03/02 | 75 | 2003-04 | 3.10.6.2(6) | മൂല്യനിർണ്ണയത്തിൽ അധികം തുക നൽകി | നടപടി തുടരുന്നു |
| 04/97 - 03/00<br>10/01 - 03/02 | 77 | 2003-04 | 3.10.6.2(7) | മൂല്യനിർണ്ണയത്തിൽ അധികം തുക നൽകി | നടപടി തുടരുന്നു |
| 2013-14 | 2-7<br>2-2 | 2016-17 | അനുബന്ധം-3<br>അനുബന്ധം-4 | വസ്തു നികുതി<br>തൊഴിൽ നികുതി | നടപടി ആരംഭിച്ചിട്ടില്ല |

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം.

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | സർ ചാർജ്ജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നമ്പറും തിയതിയും | തുക | |
| 1 | 2000-01 | 5(1) to 5(10), 18, 20 | ശ്രീ.ഇ.എം.തോമസ്, സെക്രട്ടറി | LF 13938/Spl.Cell/SC5/04 Dt. 10.10.2005 | 118692 | 600/- രൂപ അടച്ചു. ബാക്കി 1,18,092/- രൂപ. |
| 2 | 2000-01 | 21, 22 | ശ്രീ.വേലായുധൻ | LF 13938/Spl.Cell/SC5/04 | 44958 | 33,387/- രൂപ അടച്ചു. |

| | | | | | | |
|---|---|---|---|---|---|---|
| | | | | Dt. 10.10.2005 | | ബാക്കി 11,571/- രൂപ. |
| 3 | 2007-08 to 2009-10 | 3-27(4) | ശ്രീ.എം.ജി.രാമചന്ദ്രൻ | LF 7342/Sp.Cell/SC/D1/13 Dt. 06.07.2015 | 19500 | തുക പൂർണ്ണമായും അടവാക്കി. |

# 4-10 ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 112311684 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 108923079 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 30560 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 0 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് | സർചാർജ്ജ് | |
| 3-1 | | 30560 | ശ്രീ. സുനിൽ എസ്.. അസി.എഞ്ചിനീയർ |
| | | 30560 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.

ഇല്ല.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സുനിൽ എസ്.. അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത് | എൽ.ജി സദനം, ഞാറക്കാട്ടുവിള, നെടുമ്പറമ്പ് പി.ഒ. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | Ksampm/.5/1085/18 തി.06.08.2018 | 7 |
| 2002-03 | Ksampm.5/1085/2018തി.06.08.2018 | 5 |
| 2003-04 | Ksampm.5/1085/2018തി.06.08.2018 | 13 |
| 2004-05 | Ksampm.5/1085/2018തി.06.08.2018 | 9 |
| 2005-06 | Ksampm.5/3005/16 തി.09.03.18 | 8 |
| 2006-07 | Ksampm.5/1821/17 തി.20.06.18 | 8 |
| 2007-10 | എൽ.എഫ്.എം.5/1626/12 തി.20.07.2012 | 38 |
| 2010-11 | എൽ.എഫ്.എം.5/1516/2013 തി:24.08.2013 | 10 |
| 2011-13 | എൽ.എഫ്.എം.5/260/15 തി:16.07.2015 | 13 |
| 2013-14 | കെ.എസ്.എ.എം.പി.എം .5/637/15 തി.02.11.15 | 13 |
| 2014-15 | കെ.എസ്.എ.എം.പി.എം .5/759/16 തി.12.06.17 | 7 |
| 2015-16 | കെ.എസ്.എ.എം.പി.എം ..5/3005/16 തി.25.11.16 | 17 |
| 2016-17 | കെ.എസ്.എ.എം.പി.എം ..5/1821/17 തി.19.08.17 | 19 |
| 2017-18 | കെ.എസ്.എ.എം.പി.എം ..5/216/19 തി.11.02.19 | 14 |

ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം - 1 ഓഡിറ്റ് സാക്ഷ്യപത്രം.

നം. കെ.എസ്.എ.എം.പി.എം.5/774/2019

കേരളസംസ്ഥാനഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ്കാര്യാലയം, മലപ്പുറം
തീയതി:24-08-2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215(6) വകുപ്പ്, 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മലപ്പുറം ജില്ലയിലെ മൂത്തേടം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധം കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ് )